**അടിയന്തരപ്രമേയം**

<u>വിലക്കയറ്റം</u>

<u>മി. സ്പീക്കർ</u>: സംസ്ഥാനത്തെ സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സബ്സിഡി സാധനങ്ങളുടെ സ്റ്റോക്ക് ഇല്ലാത്തതിനാൽ വിപണിയിൽ കാര്യക്ഷമമായി ഇടപെടാൻ സർക്കാർ പരാജയപ്പെടുന്നതായും വിലക്കയറ്റംമൂലം ജനജീവിതം ദുസ്സഹമായതായും പറയപ്പെടുന്ന സാഹചര്യം ചർച്ച ചെയ്യുന്നതിനായി സഭാനടപടികൾ നിർത്തിവയ്ക്കണമെന്ന പ്രമേയം പരിഗണനയ്ക്കെടുക്കണമെന്ന് ആവശ്യപ്പെട്ട് സർവ്വശ്രീ പി. സി. വിഷ്ണുനാഥ്, കെ. പി. എ. മജീദ്, മോൻസ് ജോസഫ്, അനൂപ് ജേക്കബ്, മാണി സി. കാപ്പൻ, ശ്രീമതി കെ. കെ. രമ എന്നീ അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്.

തദ്ദേശസ്വയംഭരണം, എക്സൈസ് വകുപ്പുമന്ത്രി (<u>ശ്രീ. എം. ബി. രാജേഷ്</u>): സർ, ചോദ്യോത്തര വേളയിൽ അവസാനത്തെ ചോദ്യമായി ചർച്ച ചെയ്ത വിഷയമാണിത്. അത് വീണ്ടും ചർച്ച ചെയ്യുന്നതിനായി സഭയുടെ സമയം എടുക്കേണ്ടതുണ്ടോ?

പ്രതിപക്ഷനേതാവ് (<u>ശ്രീ. വി. ഡി. സതീശൻ</u>): സർ, റൂൾ 50 ഒരു

പ്രത്യേക പ്രൊവിഷനാണ്. റൂൾ 50-യും ചോദ്യോത്തര വേളയിൽ ഒരു ചോദ്യം വന്നതും തമ്മിൽ എന്ത് ബന്ധമാണ്; ഇത് ചോദ്യോത്തരത്തിനകത്ത് ഒതുങ്ങേണ്ട വിഷയമാണോ? വളരെ വിചിത്രമായതും ഒരു കാലഘട്ടത്തിലും ഉണ്ടാകാത്തതുമായ ഒരു വാദമാണിത്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ഈ വിഷയം ചർച്ച ചെയ്യാവുന്നത് തന്നെയാണ്. അതിനുള്ള കാരണങ്ങൾ വിശദീകരണക്കുറിപ്പിലുണ്ട്. ചർച്ച ചെയ്യണമോ വേണ്ടയോ എന്നുള്ളത് വകുപ്പുമന്ത്രി പറയും. ചോദ്യത്തിന്റെ ഭാഗമായി വന്ന വിഷയം വീണ്ടും ചർച്ച ചെയ്യാമോ എന്നുള്ളത് റൂളിൽ പറഞ്ഞിട്ടുണ്ട്. അതുകൊണ്ട് പ്രതിപക്ഷനേതാവ് ഉന്നയിച്ച വാദം നിലനിൽക്കുന്നതല്ല.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, വിപണിയിൽ കാര്യക്ഷമമായി ഇടപെടാൻ സർക്കാർ പരാജയപ്പെട്ടുവെന്ന വാദമുയർത്തിയാണ് അടിയന്തരപ്രമേയത്തിനുള്ള നോട്ടീസ് നൽകിയിരിക്കുന്നത്. ആ വാദം ഞാൻ പൂർണ്ണമായും നിഷേധിക്കുകയാണ്. രാജ്യത്ത് മറ്റെവിടെയുമില്ലാത്ത വിപുലവും മാതൃകാപരവുമായ പൊതുവിതരണ സംവിധാനവും വിപണി ഇടപെടലുമാണ് കേരളത്തിൽ നടക്കുന്നത്.

നേരത്തെ ചോദ്യോത്തര വേളയിൽ ഈ വിഷയം സംബന്ധിച്ച് കുറച്ചധികം സമയം ചർച്ചയ്ക്ക് വിധേയമാക്കിയതാണ്. വില വർദ്ധനവുണ്ടാകുന്നതിന് കാരണം നമ്മുടെ സംസ്ഥാനത്ത് ഇത്തരം ഉൽപ്പന്നങ്ങൾ പലതും ഉൽപ്പാദിപ്പിക്കുന്നില്ല എന്നുള്ളതാണ്. അന്യസംസ്ഥാനങ്ങളിൽ നിന്ന് ഇത്തരം ഉൽപ്പന്നങ്ങൾ വാങ്ങേണ്ടുന്ന സാഹചര്യമാണ് കേരളത്തിനുള്ളത്. ആ സാഹചര്യത്തിൽ രാജ്യത്തെമ്പാടും ഉണ്ടായിക്കൊണ്ടിരിക്കുന്ന വില വർദ്ധനവ് സ്വാഭാവികമായും കേരളത്തിലും ഉണ്ടാകുമെന്നുള്ളത് നമുക്കെല്ലാം അറിയാം. എന്നാൽ ഉല്പാദന സംസ്ഥാനങ്ങളെക്കാൾ വിലകുറച്ച് കൊടുക്കാൻ കേരളത്തിലെ ഗവൺമെന്റ് 2016 മുതൽ വളരെ ഫലപ്രദമായ ഇടപെടലും ശ്രദ്ധയുമാണ് നടത്തിക്കൊണ്ടിരിക്കുന്നത്. ദീർഘമായ മറ്റ് കാര്യങ്ങളിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. എന്നാൽ ഒരു കാര്യം, കഴിഞ്ഞ ദിവസം ഞാൻ ഡൽഹിയിൽ കേന്ദ്ര ഭക്ഷ്യവകുപ്പുമന്ത്രിയെ കാണാൻ പോയിരുന്നു. കേരളത്തിലെ സാധനങ്ങളുടെ വിലയും അവിടത്തെ അവസ്ഥയും മനസ്സിലാക്കാനായി ഞാൻ അവിടെയുള്ള ഗവൺമെന്റ് കൺസ്യൂമർ സ്റ്റോറിൽ കയറിയിരുന്നു. പ്രതിപക്ഷം പലപ്പോഴും നമ്മുടെ സംസ്ഥാനത്തെക്കുറിച്ചും സപ്ലൈകോയെക്കുറിച്ചുമെല്ലാം

സൂചിപ്പിച്ചതുകൊണ്ട് ഞാൻ ഒരു ഉദാഹരണം പറയാം: അര കിലോ പരിപ്പിന് ഡൽഹിയിൽ 118 രൂപയാണ്. കേരളത്തിൽ ഒരു കിലോ പരിപ്പ് 65 രൂപയ്ക്കാണ് സപ്ലൈകോയിലൂടെ നൽകുന്നത്. (….ബഹളം....) നിങ്ങൾ അസ്വസ്ഥരായിട്ട് കാര്യമില്ല. ഞാൻ പറഞ്ഞത് വസ്തുതയല്ലേ? തക്കാളിയുടെ വിലയെക്കുറിച്ചാണ് രണ്ടാമതായി പറയാനുള്ളത്. കേന്ദ്ര ഭക്ഷ്യ വകുപ്പുമന്ത്രിയെ കാണാൻ പോയനേരം (......ബഹളം......) എന്റെയൊപ്പമുണ്ടായിരുന്ന ഒരു ഉദ്യോഗസ്ഥൻ തക്കാളിയുടെ കാര്യംകൂടി ഒരു ഡിമാന്റായി ചോദിച്ചുകൂടേയെന്ന് എന്നോട് ചോദിച്ചു. (......ബഹളം......) പ്രതിപക്ഷം അസ്വസ്ഥരായിട്ട് കാര്യമില്ല.

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്.....അദ്ദേഹം പറയട്ടെ......

<u>ശ്രീ. ജി. ആർ. അനിൽ</u>: സർ, ഞാൻ അവിടെ തക്കാളിയുടെ വില തിരക്കിയപ്പോൾ ഒരു കിലോ തക്കാളിക്ക് 290 രൂപയാണ്. അന്ന് കേരളത്തിലെ ഔട്ട്ലെറ്റുകളിൽ ഒരു കിലോ തക്കാളി 117 രൂപയ്ക്കാണ് നൽകിയത്. കർണ്ണാടകയിൽ പാലിന്റെയും പച്ചക്കറിയുടെയും മറ്റ് നിത്യോപയോഗ സാധനങ്ങളുടെയും വില മൂന്നിരട്ടിയായി മാറികൊണ്ടിരിക്കുന്നുവെന്ന് കഴിഞ്ഞ ദിവസത്തെ ന്യൂസ് പേപ്പറിൽ,

ഇക്കണോമിക് ടൈംസിൽ പറഞ്ഞിരിക്കുകയാണ്. രാജസ്ഥാനിലും ഇതേ സ്ഥിതിയായതിനാൽ കണക്കുകൾ ഞാൻ പറയുന്നില്ല. അതുകൊണ്ട് രാജ്യമൊട്ടാകെ അവർ ഭരിക്കുന്ന സംസ്ഥാനങ്ങളിൽ, കേരളത്തെക്കാൾ മെച്ചപ്പെട്ട ഒരു മാതൃക ചൂണ്ടിക്കാണിക്കാൻ നിങ്ങൾക്ക് കഴിയുമോയെന്നാണ് ഞാൻ ചോദിക്കുന്നത്. നമുക്ക് ഈ വിഷയത്തിൽ ശത്രുത വരേണ്ട കാര്യമില്ലല്ലോ? ഇത് ജനങ്ങളുടെ പൊതുവിഷയമാണ്. അതിനാൽ നമ്മൾ ഒരുമിച്ച് ഇത്തരം വിഷയങ്ങൾ ആലോചിക്കേണ്ടതാണ്. കേരളത്തിന് പുറത്ത് നിങ്ങൾ ഭരിക്കുന്ന തൊട്ടടുത്തുള്ള കർണ്ണാടകയടക്കമുള്ള രണ്ടുമൂന്ന് സംസ്ഥാനങ്ങളിൽ കേരളത്തെക്കാൾ മെച്ചപ്പെട്ട രീതിയിലുള്ള ഒരു പുതിയ മാതൃകയുണ്ടെന്ന് പറയാൻ കഴിയുമോ? കേരളത്തിലെ റേഷൻ ഷോപ്പുകളും പൊതുവിതരണകേന്ദ്രങ്ങളും ഇന്ത്യയ്ക്ക് മാതൃകയാണ്. കേരളത്തിന് പുറത്തുള്ള സംസ്ഥാനങ്ങളുടെ സ്ഥിതിയെന്താണ്; പൊതുവിതരണ സംവിധാനം സാർവ്വത്രികമാണോ; പൊതുവിതരണ രംഗത്തുള്ള വിഷയങ്ങൾ കാണുന്നില്ലേ; കണ്ണൂരിലും കോഴിക്കോട്ടുമുള്ള ജനപ്രതിനിധികൾ അടുത്ത് ഇരിക്കുകയല്ലേ? ഇക്കാര്യം നിങ്ങൾ ചോദിച്ച് മനസ്സിലാക്കണം. മാഹിയിൽ റേഷൻകടയുണ്ടോ? ഒന്നര വർഷമായി പോണ്ടിച്ചേരിയിലെ റേഷൻ

കടകളിൽ സാധനങ്ങൾ കൊടുക്കുന്നില്ല. ഇതാണ് കേന്ദ്ര ഗവൺമെന്റിന്റെ/ ബി.ജെ.പി. സർക്കാരിന്റെ നയം. ഇക്കാര്യങ്ങൾ ബഹുമാനപ്പെട്ട കെ. കെ. രമയോട് തിരക്കണം. അരി, പഞ്ചസാര, ഗോതമ്പ് എന്നീ ഭക്ഷ്യവസ്തുക്കൾ കൊടുക്കുന്ന കാര്യം പറയുമ്പോൾ അവർ ഇതെല്ലാം ഉപേക്ഷിച്ച് കൈമാറ്റിക്കഴിഞ്ഞിരിക്കുകയാണ്, ജനങ്ങളെ റോഡിലേയ്ക്ക് വലിച്ചെറിഞ്ഞ് കഴിഞ്ഞിരിക്കുകയാണ്. ആ നയമാണ് രാജ്യത്ത് നടപ്പാക്കുന്നത്. അത് തുടങ്ങിവച്ചത് നിങ്ങളാണ്. അത്തരമൊരു വിഷയത്തിലേയ്ക്കോ രാഷ്ട്രീയ ചർച്ചയിലേയ്ക്കോ പോകരുതെന്നാണ് ഞാൻ ആഗ്രഹിക്കുന്നത്. സംസ്ഥാനത്ത് 2016 മുതൽ വിപണന ഇടപെടൽ വളരെ ഫലമായി നടത്തിയതിന്റെ ഭാഗമായി എത്ര കോടി രൂപയാണ് ഓരോ വർഷവും സർക്കാർ ഖജനാവിൽനിന്ന് മാറ്റി വച്ചത്. അതിനെ നിങ്ങൾ വില കുറച്ചുകാണുന്നത് എന്തിനാണ്?

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: സർ, പണം കിട്ടിയിട്ടില്ല.

ശ്രീ. ജി. ആർ. അനിൽ: സർ, പണം ലഭിക്കാത്തത് സംബന്ധിച്ച സാമ്പത്തികമായ വിഷയങ്ങൾ ബഹുമാനപ്പെട്ട തിരുവഞ്ചൂർ രാധാകൃഷ്ണന് അറിയാമല്ലോ; കേന്ദ്രഗവൺമെന്റിന്റെ നിലപാട് നമ്മൾ കാണുകയല്ലേ;

ജി.എസ്.ടി. വന്നപ്പോഴുള്ള അവസ്ഥയും നമുക്കറിയാവുന്നതല്ലേ; അക്കാര്യം ഞാൻ രണ്ടാമത് പറയാം. കേരളത്തിൽ കോവിഡ് കാലഘട്ടത്തിൽ 11 കോടി രൂപയ്ക്കാണ് ഭക്ഷ്യകിറ്റ് നൽകിയത്. 2016 മുതലുള്ള കണക്കുകൾ പരിശോധിക്കുമ്പോൾ പന്ത്രണ്ടായിരത്തോളം കോടി രൂപ പല രൂപത്തിൽ നമ്മൾ വിപണി ഇടപെടലിന്റെ ഭാഗമായി സബ്സിഡിയിനത്തിൽ ചെലവഴിച്ചിട്ടുണ്ടെന്നുള്ളത് ചെറിയ കാര്യമല്ല. ആ യാഥാർത്ഥ്യം നിങ്ങൾ മനസ്സിലാക്കണം. വിപണി സമ്പത്ത് വ്യവസ്ഥയിൽ അതിന്റെ ആവശ്യകതയും ലഭ്യതയുമനുസരിച്ചാണ് വില നിർണ്ണയിക്കുന്നത്. ആ സമയം വിപണിയിൽ ഇടപെട്ടുകൊണ്ട് കൂടുതൽ വില കൊടുത്തുവാങ്ങി വില കുറച്ചുവിൽക്കുന്ന സമീപനം കേരളത്തിൽ സ്വീകരിച്ചതുകൊണ്ടാണ് കേരളത്തിലെ ജനങ്ങൾക്ക് വലിയ ആശ്വാസം പകരാൻ കഴിഞ്ഞത്. ആ പ്രവർത്തനത്തിൽ സപ്ലൈകോ ഫലപ്രദമായി ഇടപെടുകയാണ്. അതാണ് നേരത്തെ ചോദ്യോത്തര വേളയിൽ ഞാൻ സൂചിപ്പിച്ചത്. 42 ലക്ഷത്തോളം കുടുംബങ്ങൾ ഓരോ മാസവും സബ്സിഡി സാധനങ്ങൾ വാങ്ങിയതിന്റെ കണക്ക് എന്റെ കൈവശമുണ്ട്. കഴിഞ്ഞ മൂന്നുമാസത്തെ കൃത്യമായ കണക്കുണ്ട്. സപ്ലൈകോ ഔട്ട്ലെറ്റുകളിൽ 2022 ഏപ്രിൽ മാസത്തിൽ

6109.14 ലക്ഷം രൂപയുടെ സബ്സിഡി ഉൽപന്നങ്ങളാണ് വിറ്റുപോയത്. 2023 ഏപ്രിൽ മാസത്തിൽ 7655.96 ലക്ഷം രൂപയുടെ ഉൽപന്നങ്ങൾ സബ്സിഡിയിനത്തിൽ വിൽക്കാൻ കഴിഞ്ഞിട്ടുണ്ട്. അതായത് 25 ശതമാനത്തിന്റെ വർദ്ധനവാണുണ്ടായത്. ഇതെല്ലാം ഔദ്യോഗികമായ കണക്കുകളാണ്. നിങ്ങൾക്ക് വിവരാവകാശംവഴി അത് എടുക്കാവുന്നതാണ്. 2022 മേയ് മാസം 5505 ലക്ഷം രൂപയുടെ വില്പന നടന്നിട്ടുണ്ട്. എന്നാൽ 2023 മേയ് മാസം 8159 ലക്ഷം രൂപയുടെ വില്പനയാണുണ്ടായത്. 2022 ജൂൺ മാസം 5958.53 ലക്ഷം രൂപയുടെ വില്പനയാണെങ്കിൽ 2023 ജൂണിൽ 7493.24 ലക്ഷം രൂപയുടെ വില്പനയാണുണ്ടായത്. ഈ കണക്കുകൾ സപ്ലൈകോ മാർക്കറ്റിൽ ഇടപെടാത്തതാണോ സപ്ലൈകോയിൽ സബ്സിഡി ഉൽപന്നങ്ങളില്ലാത്തതാണോ സൂചിപ്പിക്കുന്നത്? ഇതിനുപുറമേ മറ്റ് ഉൽപ്പന്നങ്ങളുടെ വില്പന പരിശോധിക്കുമ്പോൾ ആയിരക്കണക്കിന് ഉൽപ്പന്നങ്ങൾ സൂപ്പർമാർക്കറ്റുകളിൽ നടക്കുന്ന വില്പനപോലെ സപ്ലൈകോയിലൂടെ നടക്കുന്നുണ്ട്. അങ്ങനെ സബ്സിഡി ഉൽപ്പന്നങ്ങൾ വിൽക്കാൻ സർക്കാരിന്റെ സപ്പോർട്ടുണ്ട്. ഞാൻ നേരത്തെ ചോദ്യോത്തര വേളയിൽ സൂചിപ്പിച്ചതുപോലെ ജൂലൈ മാസത്തിൽ സപ്ലൈകോ

ഔട്ട്ലെറ്റുകളിൽ ഓരോ ഉൽപ്പന്നങ്ങളുടെയും ഡിമാൻഡ് കൂടിയപ്പോൾ സ്വാഭാവികമായും അതിനനുസരിച്ച് സാധനങ്ങൾ അവസാന ദിവസങ്ങളിൽ തീർന്നുപോയ സാഹചര്യമുണ്ടായി. അതിൽ നമുക്ക് ചില പ്രയാസങ്ങളുണ്ടായെന്നുള്ളത് യാഥാർത്ഥ്യമാണ്, ഞാൻ അത് നിഷേധിക്കുന്നില്ല. ആ സമയത്ത് സ്വാഭാവികമായും മൂന്നുനാല് ഉൽപ്പന്നങ്ങൾ, മൊത്തത്തിൽ പരിശോധിക്കുമ്പോൾ പല പ്രദേശങ്ങളിലും ആ നിലയിലുള്ള കുറവുകൾ സംഭവിക്കുകയും അത് വേഗം പരിഹരിക്കുകയും ചെയ്തിട്ടുണ്ട്. ഇപ്പോഴും അതിനുള്ള ശ്രമം വളരെ ശക്തമായി നടത്തിക്കൊണ്ടിരിക്കുകയാണ്. അങ്ങനെ വിപണിയിൽ ഈ രീതിയിലെല്ലാം ഇടപെടുന്ന ഒരു പൊതുമേഖലാ സ്ഥാപനമാണ് സപ്ലൈകോ. ആ സപ്ലൈകോയിൽ ഒരു ഉൽപ്പന്നങ്ങളുമില്ലെന്നുപറഞ്ഞ് അടച്ച് ആക്ഷേപിക്കുകയും അപകീർത്തിപ്പെടുത്തുകയും ചെയ്തുകൊണ്ട് കേരളത്തിൽ ആരെ സഹായിക്കാനാണ് ശ്രമിക്കുന്നത്? പൊതുസംരംഭങ്ങളെയും പൊതുമേഖലാ പ്രസ്ഥാനത്തെയും സംബന്ധിച്ച് സർക്കാരിനോട് ചിലപ്പോൾ രാഷ്ട്രീയമായ ചില ശത്രുതയുണ്ടായേക്കാം. എന്നാൽ അങ്ങനെയൊരു നിലപാട് സ്വീകരിക്കാമോ; നമ്മുടെ പൊതുസംരംഭങ്ങളെ സംരക്ഷിക്കേണ്ടത്

കൂട്ടായി ആലോചിക്കേണ്ട വിഷയങ്ങളാണ്. കേരളത്തിലെ ജനങ്ങളെ സംരക്ഷിക്കുന്ന കാര്യം, ഞാൻ ആദ്യം സൂചിപ്പിച്ചതുപോലെ പൊതുവിതരണ രംഗത്ത് ഫലപ്രദമായ ഇടപെടൽ സർക്കാർ നടത്തുന്നുണ്ട്. മുൻഗണനാ കാർഡുകാർ റേഷൻ കടകളിൽനിന്നും 97-98 ശതമാനം ഉൽപ്പന്നങ്ങളാണ് വാങ്ങുന്നത്. അത് സഭ അറിയേണ്ട വിഷയമാണ്.

മി. സ്പീക്കർ: ബഹുമാനപ്പെട്ട മന്ത്രി, പ്ലീസ് കൺക്ലൂഡ്......

ശ്രീ. ജി. ആർ. അനിൽ: സർ, ഓണം പ്രമാണിച്ച് കേരളത്തിൽ കേന്ദ്ര സർക്കാർ കഴിഞ്ഞ രണ്ട് മാസത്തിനുമുമ്പുവരെ 70-80 ശതമാനം പച്ചരിയാണ് നൽകിക്കൊണ്ടിരുന്നത്. അപ്പോൾ സാധാരണക്കാരായ ആളുകൾക്ക് ഉപയോഗത്തിനാവശ്യമായ പച്ചരി ലഭിക്കാതെവരികയും മാർക്കറ്റിൽ പോയി പച്ചരി വാങ്ങേണ്ട അവസ്ഥയുണ്ടാവുകയുമുണ്ടായി. എന്നാൽ ഞങ്ങൾ ഫലപ്രദമായി ഇടപെട്ടതുകൊണ്ട് കേരളത്തിലെ പൊതുവിതരണ കേന്ദ്രങ്ങളിലൂടെ 50:50 ശതമാനമാക്കി, ഈ മാസം ഓണത്തിന് 70 ശതമാനം പുഴുക്കലരി റേഷൻ കടയിലെ എല്ലാ കാർഡുടമകൾക്കും കൊടുക്കുകയാണ്. 30 ശതമാനമായി പച്ചരി ക്രമപ്പെടുത്തി. മാത്രമല്ല ഏതെങ്കിലും ഒരു കാർഡ് ഉടമ കൂടുതൽ പച്ചരി

വേണമെന്ന് ഡിമാൻഡ് വച്ചാൽ അവർക്ക് കൂടുതൽ കൊടുക്കാം. 70 ശതമാനം പുഴുക്കലരി എന്നുപറഞ്ഞാൽ, നമ്മുടെ കർഷകരിൽനിന്നും സംഭരിച്ച നെല്ല് പ്രോസസ് ചെയ്തെടുത്ത് ആ പുഴുക്കലരി റേഷൻ കടകളിലൂടെ ഈ ആഗസ്റ്റ് മാസം മുതൽ വ്യാപകമായി നൽകുകയാണ്. 53-54 രൂപ വിലയുള്ള ആ പുഴുക്കലരി ഒരു എ.എ.വൈ. കാർഡ് ഉടമയ്ക്ക് 30 കിലോ ഗ്രാം അരി കിട്ടുന്നതിൽ 9 കിലോ ഗ്രാം പച്ചരി പോയിട്ട് ബാക്കി എത്ര രൂപയുടെ അരിയാണ് നൽകുന്നത്; ഇതൊരു വിപണി ഇടപെടലിന്റെ ഭാഗമായിട്ടുണ്ടായതല്ലേ? കേരളത്തിലെ സർക്കാർ ഇടതുപക്ഷ സർക്കാരായതുകൊണ്ടല്ലേ ഇത്ര താല്പര്യപൂർവ്വം നമ്മുടെ ജനങ്ങളെ സഹായിക്കാനും സംരക്ഷിക്കാനുമായി ഇടപെട്ടത്. ഞാൻ രാജസ്ഥാനിലെയും ഹരിയാനയിലെയും മറ്റ് സംസ്ഥാനങ്ങളിലെയും കണക്കുകൾ പറയുന്നില്ല. നമ്മൾ ഫലപ്രദമായി ഇടപെടുന്ന ഇത്തരമൊരു സാഹചര്യത്തിൽ അതിൽ എന്തെങ്കിലും കുറവുകളോ പോരായ്മകളോ ഉണ്ടെങ്കിൽ പരിഹരിച്ച് ജനങ്ങളെ സഹായിക്കുന്ന നിലപാട് സ്വീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഈ വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട ആവശ്യമില്ല.

ശ്രീ. പി. സി. വിഷ്ണുനാഥ്: സർ, 'വിലക്കയറ്റം എല്ലാ സീമകളും ലംഘിച്ചു കുതിക്കുമ്പോൾ സർക്കാർ ജനങ്ങളെ നോക്കി പരിഹസിക്കുകയാണ്'. 2014 ജൂലൈ 4-ന് ബഹുമാന്യനായ മുഖ്യമന്ത്രി ശ്രീ. പിണറായി വിജയൻ ഫേസ് ബുക്കിൽ എഴുതിയ വാക്കുകളാണിത്. ഇത് കൂടുതൽ പ്രസക്തമാകുന്നത് ഇപ്പോഴാണ് എന്നുള്ളതുകൊണ്ടാണ് അത് ഞാൻ വായിച്ചത്. സ്നേഹവും സന്തോഷവും പങ്കുവയ്ക്കുന്ന, മലയാളികൾ ഓണത്തെ കാത്തിരിക്കുന്ന ഈ സാഹചര്യത്തിൽ ജനങ്ങളെ പരമാവധി പിന്തുണയ്ക്കാൻ തയ്യാറാകേണ്ടതിനുപകരം വൈദ്യുതിചാർജ്ജ്, വെള്ളക്കരം, നികുതി എന്നിവ വർദ്ധിപ്പിക്കുന്ന തരത്തിൽ എല്ലാ വിധത്തിലും സർക്കാർ ജനങ്ങളെ ബുദ്ധിമുട്ടിച്ചുകൊണ്ടിരിക്കുകയാണ്. നിത്യോപയോഗ സാധനങ്ങളുടെ വിലനിലവാരത്തെക്കുറിച്ചുള്ള ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ പുതിയ ഫേസ് ബുക്ക് പോസ്റ്റിൽ, 'വിലക്കയറ്റം പിടിച്ചുനിർത്താനുള്ള ഇടപെടലുകളുടെ ഫലമായി എട്ടാം വർഷവും സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങൾക്ക് വില കൂടിയിട്ടില്ല' എന്നുപറയുന്നു. പതിമൂന്ന് ഇനം സാധനങ്ങൾക്കാണ് 2016-ലെ വിലയിലും കുറച്ച് നൽകുന്നത്. സപ്ലൈകോ സ്റ്റോറുകളിൽ സാധനങ്ങൾക്ക് വില കൂടില്ല, അവിടെ എന്തെങ്കിലും ഉണ്ടെങ്കിലല്ലേ കൂടേണ്ടതുള്ളൂ.

അവിടെയൊന്നും ഇല്ലാത്തതുകൊണ്ട് വിലനിലവാരത്തെക്കുറിച്ച് ചർച്ച ചെയ്യേണ്ട കാര്യമോ അവിടെ പോകേണ്ട കാര്യമോ ഇല്ല. കേരളകൗമുദി ദിനപ്പത്രത്തിൽ കോഴിക്കോട് പാളയം സപ്ലൈകോ ഔട്ട്‌ലെറ്റിലെ വിലവിവര പട്ടികയിൽ സാധനങ്ങളൊന്നുമില്ലെന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 13 സാധനങ്ങളെക്കുറിച്ച് മുഖ്യമന്ത്രി ഫേസ് ബുക്കിൽ എഴുതിയത്, കോഴിക്കോട് പാളയം സപ്ലൈകോ മാർക്കറ്റിലെ ബോർഡിൽ ഉഴുന്ന്, വൻപയർ, തുവരപ്പരിപ്പ്, ചെറുപയർ, കടല, മുളക്, പഞ്ചസാര, അരി(മട്ട) എന്നിവയൊന്നും ഇല്ലെന്നാണ് എഴുതിയിട്ടുള്ളത്. ഇല്ലെങ്കിൽപിന്നെ കുറച്ചുകൊടുത്തിട്ടും കൂടുതൽ കൊടുത്തിട്ടും എന്താണ് കാര്യം? ആ പതിമൂന്ന് ഇനങ്ങൾ എവിടെ കിട്ടും? തിരുവനന്തപുരത്തെ പാളയം മാവേലി സ്റ്റോറിൽ വെളിച്ചെണ്ണയും പഞ്ചസാരയും മാത്രമേയുള്ളൂ. ഇന്ന് ഈ വിഷയം സഭയിൽ അവതരിപ്പിക്കേണ്ടതുള്ളതുകൊണ്ട് ഞാൻ ഇന്നലെ പാളയം മാവേലി സ്റ്റോറിൽ പോയിരുന്നു. അവിടെ വെളിച്ചെണ്ണയും പഞ്ചസാരയും മാത്രമേയുള്ളൂ; മലയിൻകീഴ് സപ്ലൈകോ സൂപ്പർ ബസാറിൽ...... ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല. അവിടെ മല്ലി, ചെറുപയർ, വെളിച്ചെണ്ണ എന്നീ മൂന്ന് സാധനങ്ങൾ മാത്രമേയുള്ളൂ. ഒരു മാധ്യമത്തിൽ ചിത്രം ഉൾപ്പെടെ

വന്നതിനാൽ ഇത് ചോദിക്കേണ്ട കാര്യമില്ല. 13 ഇനങ്ങൾക്ക് വില കൂടിയിട്ടില്ലെന്നുള്ളത് മറ്റൊരു വ്യാജ പ്രചരണമാണ്. സംസ്ഥാനത്ത് 2016-ൽ വെളിച്ചെണ്ണയ്ക്ക് സപ്ലൈകോയുടെ സൂപ്പർ മാർക്കറ്റിലെ സപ്ലൈകോ പ്രൈസ് ലിസ്റ്റ് പ്രകാരം ഒരു ലിറ്റർ പായ്ക്കറ്റിന് 90 രൂപയായിരുന്നുവെങ്കിൽ 2023 ജൂലൈ 31-ന് അത് 126 രൂപയാണ്. അതിൽ 500 മി.ലി. സബ്സിഡി റേറ്റായതിനാൽ അതിന് 46 രൂപയേയുള്ളൂ. പക്ഷേ ഇപ്പോൾ എന്ത് സംഭവിച്ചെന്ന് നേരിട്ട് പോയി അന്വേഷിച്ചാൽ മനസ്സിലാക്കാം. നിയമസഭാമന്ദിരത്തിന് താഴെയുള്ള മാവേലിസ്റ്റോറിൽ പോയി അന്വേഷിച്ചാൽ, അവിടെ അര ലിറ്റർ പായ്ക്കറ്റ് ഇല്ല; ഒരു ലിറ്റർ പായ്ക്കറ്റ് മാത്രമേയുള്ളൂ. ആ ഒരു ലിറ്റർ പായ്ക്കറ്റ് 126 രൂപയാണ്. ഇത് സബ്സിഡിയാണ്. ഇതേ മാവേലിസ്റ്റോറിൽ 126 രൂപയ്ക്ക് ലഭ്യമാകുന്നത് പരിമിതമായ സ്റ്റോക്കായതിനാൽ പെട്ടെന്ന് തീരും. അതിനുശേഷം 146 രൂപയ്ക്ക് പ്രീമിയമാണ് വാങ്ങേണ്ടത്. എന്നാൽ പൊതുമാർക്കറ്റിൽ അതിനേക്കാൾ ഒരു രൂപ കുറച്ചുകിട്ടും. ഇത്തരം മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുകയാണെങ്കിൽ ഇപ്രകാരം ചെയ്യാതിരിക്കുന്നതാണ് നല്ലത്. സർക്കാർ കാര്യമായി ചെയ്തുകൊണ്ടിരിക്കുന്നത് ഇതാണ്. സപ്ലൈകോയ്ക്കോ മാവേലി

സ്റ്റോറിനോ അങ്ങനെയുള്ള സംവിധാനങ്ങൾക്കോ വിലകുറച്ച് സാധനങ്ങൾ ലഭ്യമാക്കാൻ കഴിയാതായാൽ ജനങ്ങൾ പൊതുമാർക്കറ്റിലേയ്ക്ക് പോകും. അവിടെ അവശ്യസാധനങ്ങളുടെ വില കുതിക്കുന്നതിനാൽ സർക്കാർ നോക്കുകുത്തിയായി നിൽക്കുന്നതല്ലാതെ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തുന്നതിനുവേണ്ടിയുള്ള കാര്യമായ യാതൊരു നടപടിയും ചെയ്യുന്നില്ല. ഒരു വശത്ത് കേന്ദ്ര സർക്കാർ പാചക വാതകത്തിന്റെ വില 500 രൂപയായിരുന്നത് 1100 രൂപയാക്കുകയും പെട്രോൾ, ഡീസൽ എന്നിവയുടെ വില വർദ്ധിപ്പിച്ച് അതിവിലക്കയറ്റം സൃഷ്ടിക്കുകയും ചെയ്യുന്നു. കേരളത്തിലാണെങ്കിൽ വിലയോടൊപ്പം സെസ്സുംകൂടി ഏർപ്പെടുത്തി ഇരട്ടി ദുരിതം ജനങ്ങളുടെമേൽ അടിച്ചേല്പിക്കുന്നതിനാൽ അത് സൃഷ്ടിക്കുന്ന വിലക്കയറ്റം അധികമായി ഉണ്ടാകുകയാണ്.

കഴിഞ്ഞ ഏപ്രിൽ മുതൽ കേരളത്തിൽ ജീവിക്കുന്ന ഒരു സാധാരണക്കാരന്റെ ജീവിത ചെലവിൽ ശരാശരി 5000 രൂപയുടെമുകളിൽ വർദ്ധനവുണ്ടായിരിക്കുകയാണ്. എങ്ങനെയാണ് ജനങ്ങൾ ജീവിക്കേണ്ടത്? യഥാസമയം കരാറുകാർക്ക് പണം നൽകാത്തതിനാൽ ടെണ്ടർ നടപടികൾ പോലും സപ്ലൈകോയിൽ കൃത്യമായി നടക്കാത്ത സാഹചര്യമുണ്ട്.

ഓണക്കിറ്റിനെ സംബന്ധിച്ച ധനകാര്യവകുപ്പുമന്ത്രിയുടെ പ്രസ്താവനയിൽ, എല്ലാവർക്കും ഇത്തവണ ഓണക്കിറ്റ് കൊടുക്കാൻ കഴിയില്ലെന്ന് പറഞ്ഞു. അതുസംബന്ധിച്ച് ഒരു ക്ലാരിറ്റിയുണ്ടാകണം. ഓണക്കിറ്റ് എല്ലാവർക്കും കൊടുക്കുന്നുണ്ടോ; കഴിഞ്ഞ വർഷം ആഗസ്റ്റ് മാസമായപ്പോൾ നാലു ദിവസം വച്ച് ഓരോ വിഭാഗത്തിനും ഓണക്കിറ്റ് കൊടുക്കുന്ന നടപടികൾ റേഷൻ കടകൾ വഴി ആരംഭിച്ചിരുന്നു. ഇപ്പോൾ ഒരു റേഷൻ കടയിലും ഓണക്കിറ്റ് വന്നിട്ടില്ല. ഓണക്കിറ്റ് എല്ലാവർക്കും കൊടുക്കുന്നുണ്ടോ? ജനങ്ങൾ ദുരിതമനുഭവിക്കുന്ന സാഹചര്യത്തിലാണ് അത് കൊടുക്കേണ്ടത്. സപ്ലൈകോയ്ക്ക് 3400 കോടി രൂപയുടെ ബാധ്യതയുള്ളതിനാൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി അതിൽ ഇടപെടണം. ഈ അടിയന്തരപ്രമേയം സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി അവതരിപ്പിക്കേണ്ടതാണ്. അദ്ദേഹത്തിന് കഴിയാത്തതുകൊണ്ടാണ് ഞാൻ അവതരിപ്പിക്കുന്നത്. 3400 കോടി രൂപ സപ്ലൈകോയ്ക്ക് കൊടുക്കാനുള്ളപ്പോൾ ഭക്ഷ്യ വകുപ്പുമന്ത്രി കൊടുത്തത് 250 കോടി രൂപയാണ്. 3400 കോടി രൂപ ഡിപ്പാർട്ട്മെന്റിന് ആവശ്യമുള്ളപ്പോൾ 250 കോടി രൂപ കൊടുത്തിട്ട് അതിൽനിന്നും 170 കോടി രൂപ നെല്ല്

സംഭരണത്തിനുവേണ്ടി മാറ്റിവയ്ക്കുകയാണെന്നുപറഞ്ഞു. അത് മാറ്റി ഓണക്കിറ്റ് വാങ്ങുന്നതിന് കൊടുക്കാമെന്ന് ഇപ്പോൾ പറയുകയാണ്. എങ്ങനെയായാലും 250 കോടി രൂപയേയുള്ളൂ. 180 കോടി രൂപയും 70 കോടി രൂപയും അങ്ങോട്ടുമിങ്ങോട്ടും തിരിച്ചും മറിച്ചുമായാലും 250 കോടി രൂപയിൽ നിൽക്കുകയാണ്. ഈ സാഹചര്യത്തിൽ സാധാരണക്കാരന്റെ കുടുംബ ബഡ്ജറ്റ് അങ്ങോട്ടുമിങ്ങോട്ടും കൂട്ടിമുട്ടിക്കാൻ കഴിയാത്തവിധം ദുരിതത്തിലാണ്.

സർക്കാർ ഉദ്യോഗസ്ഥർക്ക് വിലക്കയറ്റത്തിന്റെ സമയത്ത് കൊടുക്കുന്ന ഡി.എ. 6 തവണയായി കുടിശ്ശികയാണ്. വിലക്കയറ്റം തടയാനാണല്ലോ ഡി.എ. അനുവദിക്കുന്നത്. അതുമാത്രമല്ല, കശുവണ്ടി തൊഴിലാളികൾക്ക് ഉമ്മൻചാണ്ടി സർക്കാരിന്റെ കാലത്താണ് അവസാനമായി കൂലി വർദ്ധിപ്പിച്ചത്. 8 വർഷമായി അവരുടെ കൂലി വർദ്ധനവ് നടപ്പിലാക്കുന്നില്ല. അവരും ഇപ്പോൾ ഒരു കിലോ തക്കാളിക്ക് 130 രൂപ കൊടുത്താണ് വാങ്ങേണ്ടത്. ചെറുപയർ -120 രൂപ, ഉഴുന്നുപരിപ്പ് -130 രൂപ, കടല-160 രൂപ, വൻപയർ-115 രൂപ, മുളക് - 320 രൂപ. ഇത് തൊട്ടടുത്തുള്ള പാളയം മാർക്കറ്റിലെ വിലയാണ്. ഇവിടെ തക്കാളിയുടെയും ഇഞ്ചിയുടെയും കാര്യം

പറഞ്ഞു. പാവപ്പെട്ടവർക്ക് ജീവിക്കാൻ കഴിയാത്ത സാഹചര്യമാണ് വിലക്കയറ്റം മുഖേനയുണ്ടായിരിക്കുന്നത്. ഈ കാര്യങ്ങൾ ഡൽഹിയിലാണെങ്കിൽ ശരിയാണ്. ഡൽഹിയിൽ ഒരു ലിറ്റർ പെട്രോളിന് 96 രൂപയാണെങ്കിൽ ഇവിടെ 108 രൂപയാണ്. അത് താരതമ്യം ചെയ്യേണ്ടേ; നിങ്ങൾ കുറയ്ക്കുമോ? ഞാൻ ദീർഘിപ്പിക്കുന്നില്ല.

ഓണചന്തകളുടെ കാര്യത്തിൽ, ഇപ്പോൾ ഓണചന്തകളുടെ എണ്ണം കുറയുന്നില്ലേ; ഓണചന്തകൾ ആരംഭിക്കേണ്ട സമയമായിട്ടും അതിന് കഴിയുന്നുണ്ടോ? സിവിൽ സപ്ലൈസ് കോർപ്പറേഷൻ കെ.എസ്.ആർ.ടി.സി.-യുടെ റൂട്ടിൽ ഓടിക്കൊണ്ടിരിക്കുകയാണ്. ഈ സർക്കാർ സിവിൽ സപ്ലൈസ് കോർപ്പറേഷനെ ദയാവധത്തിന് വിട്ടുകൊടുക്കുകയാണ്. ഇത് കേരളത്തിലെ പാവങ്ങളെയും സാധാരണക്കാരെയുമാണ് ബാധിക്കുന്നത്. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി, അങ്ങ് ഈ ബഡ്ജറ്റിൽ അതിശക്തമായി ഊന്നിപ്പറഞ്ഞ ഒരു പ്രഖ്യാപനം ഞാൻ ആവർത്തിക്കുകയാണ്. 'വിലക്കയറ്റത്തിന്റെ ഭീഷണി പൂർണ്ണമായും ഒഴിഞ്ഞുമാറിയിട്ടില്ല എന്നത് പരിഗണിച്ച് ശക്തമായ വിപണി ഇടപെടലുകൾ തുടരുന്നതിനായി 2023-24-ലേയ്ക്ക് 2000 കോടി രൂപ

വകയിരുത്തിയിരിക്കുന്നു'. അത് എവിടെയാണ്? അക്കാര്യം 2022-ലെയും 2023-ലെയും ബഡ്ജറ്റിൽ പറഞ്ഞു. ഇവിടെ വിവാദ പ്രസ്താവനകൾ നടത്തി സമൂഹത്തിൽ ധ്രുവീകരണം നടത്താനല്ല ഉത്തരവാദിത്തപ്പെട്ടവർ ശ്രമിക്കേണ്ടത്. പ്രാഥമികമായ ഉത്തവാദിത്വങ്ങളുടെ വീഴ്ച മറച്ചുവയ്ക്കാൻ സാമൂഹികാന്തരീക്ഷം മലിനമാക്കരുത്. പകരം ഉത്തരവാദിത്വം ഏറ്റെടുത്തുകൊണ്ടും മാർക്കറ്റിലിടപെട്ടുകൊണ്ടും പാവപ്പെട്ടവന് ജീവിക്കാൻ കഴിയുന്ന സാഹചര്യം കേരളത്തിൽ സംജാതമാക്കണമെന്ന ഗൗരവമായ വിഷയം സഭ നിർത്തിവച്ച് ചർച്ചചെയ്യണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് ഞാൻ അവസാനിപ്പിക്കുകയാണ്.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ): സർ, ബഹുമാന്യനായ അംഗം കഴിഞ്ഞവർഷം ഈ സഭയിൽ ചെയ്ത പ്രസംഗമെല്ലാം കിറ്റിന് എതിരായിട്ടായിരുന്നു. ഇപ്പോൾ കിറ്റിനെ അനുകൂലിച്ച് പറഞ്ഞതിൽ വലിയ സന്തോഷമുണ്ട്. പതിനൊന്ന് കോടി കിറ്റുകൾ വിതരണം ചെയ്തവരാണ് ഭരണപക്ഷത്ത് ഇരിക്കുന്നത് എന്നത് നിങ്ങൾ ചെറുതായി കാണരുത്. കോവിഡ് കാലഘട്ടത്തിലായാലും ദുരിതം അനുഭവിക്കുന്ന ഏത് കാലഘട്ടത്തിലും ജനങ്ങളെ ചേർത്ത് നിർത്തുന്ന

നിലപാടാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്. ഓണത്തിന് മാത്രമല്ല, കിറ്റിന്റെ ആവശ്യകത ഏതു ഘട്ടത്തിലുണ്ടായാലും അതിന്റെ അനിവാര്യത അറിഞ്ഞ് അതിനോട് അനുഭാവ പൂർണ്ണമായ സമീപനം സ്വീകരിക്കുന്നവരാണ് ഭരണപക്ഷത്തിരിക്കുന്നവർ. ഒരു മാധ്യമത്തിൽ വന്ന വാർത്തയെ സംബന്ധിച്ച് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ മാധ്യമം തന്നെ പിറ്റേ ദിവസം മുൻപേജിൽ വാർത്ത തിരുത്തി നൽകുകയുണ്ടായി. അത് എങ്ങനെയുണ്ടായി എന്നതിനെ സംബന്ധിച്ച് അന്വേഷിച്ചപ്പോൾ അറിയാൻ സാധിച്ചത്, ഈ വാർത്ത വന്നതിന്റെ അന്നത്തെ ദിവസം രാവിലെ പത്തുമണിക്ക് കട തുറന്നപ്പോൾ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുടെ അന്വേഷണത്തിൽ വാർത്തയിൽ പറഞ്ഞ പല കാര്യങ്ങളും തെറ്റായിരുന്നുവെന്ന് ബോധ്യപ്പെട്ടു. അത് അടുത്ത ദിവസം കേരള കൗമുദി വാർത്തയാക്കുകയും ചെയ്തിരുന്നു. മാധ്യമങ്ങൾ പെരുപ്പിച്ച് കാണിക്കുന്ന ചില വിഷയങ്ങൾ സഭയിൽ കൊണ്ടുവന്ന് അവയെല്ലാം ശരിയെന്ന രീതിയിലേയ്ക്ക് പോകരുതെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. മാർക്കറ്റ് ഇടപെടലിനെ സംബന്ധിച്ചും ബഡ്ജറ്റിൽ അവതരിപ്പിച്ച തുകയെ സംബന്ധിച്ചും ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. നെൽ

കൃഷിക്കാർക്ക് നെല്ലിന് ഇത്രയധികം (28.20 രൂപ) വില നൽകുന്ന ഒരു സംസ്ഥാനം കേരളമല്ലാതെ മറ്റ് എവിടെയെങ്കിലും ഉണ്ടോ? കേന്ദ്രം നൽകിയ തുകയെല്ലാം കൊടുത്തു കഴിഞ്ഞു. തെക്കേ ഇന്ത്യയിലെ സംസ്ഥാനങ്ങളുമായി താരതമ്യപ്പെടുത്തുമ്പോൾ, കർണ്ണാടകത്തിലും തമിഴ്നാട്ടിലും കൊടുക്കുന്നതിനേക്കാൾ കൂടുതലാണ് കേരളത്തിൽ നൽകുന്ന തുക. എല്ലാ കാലത്തും ഇങ്ങനെ നൽകിയിട്ടില്ല. കേരളത്തിൽ 2016 മുതലാണ് ഇത്തരത്തിൽ കൃഷിക്കാർക്ക് നെല്ലിന്റെ വില ലഭ്യമാക്കുന്നത്. കഴിഞ്ഞ വർഷം 2,100 കോടി രൂപയുടെ, ഏഴര ലക്ഷത്തോളം ടൺ നെല്ലാണ് കർഷകരിൽനിന്നും സംഭരിച്ചത്. അതിൽ 1600-ലധികം കോടിരൂപ വിതരണം ചെയ്തുകഴിഞ്ഞു. ബാക്കി തുക ഇന്ന് അവരുടെ അക്കൗണ്ടിലേയ്ക്ക് എത്തുകയാണ്. ചിലപ്പോൾ രണ്ടോ, മൂന്നോ, ദിവസം വൈകും ഇതിൽ നിങ്ങൾക്ക് ആശങ്കയെന്നും വേണ്ട. ഇന്ന് ബഹുമാന്യനായ അംഗം ചോദിച്ച ചോദ്യത്തിന് മറുപടി നക്ഷത്ര ചിഹ്നം ഇടാത്ത ചോദ്യത്തിനുള്ള ഉത്തരത്തിൽ നൽകിയിട്ടുണ്ട്. ഓണം അടുത്തിരിക്കുന്ന സാഹചര്യത്തിൽ ഓണചന്തകൾ തുടങ്ങില്ലെന്നുള്ള ഒരു ആശങ്കയും പ്രതിപക്ഷത്തിന് വേണ്ട. കേരളത്തിലെ ജനങ്ങൾക്ക് ആശ്വാസം പകരാൻ

കഴിയുന്ന തരത്തിൽ എല്ലാ നടപടികളും സ്വീകരിക്കും. കേരളത്തിന്റെ ചരിത്രത്തിൽ ഏറ്റവും കൂടുതൽ ഉൽപ്പന്നങ്ങൾ സപ്ലൈകോയുടെ ഔട്ട്ലെറ്റിലൂടെ വിതരണം ചെയ്യുന്ന നടപടിയിലേയ്ക്ക് പോകുകയാണ്. ഇതിൽ ഒരു സംശയവും വേണ്ട. ഓണക്കാലത്ത് കേരളത്തിന്റെ പതിനാല് ജില്ലാ കേന്ദ്രങ്ങളിലും ഈ മാസം പതിനെട്ടാം തീയതി നിയമസഭാ സമ്മേളനം നടക്കുന്ന ദിവസം തന്നെ, കേരളത്തിന്റെ ആദരണീയനായ മുഖ്യമന്ത്രി തിരുവനന്തപുരത്ത് ഇതിന്റെ ഉദ്ഘാടനം നിർവ്വഹിക്കുന്നതാണ്. എല്ലാ നിയോജകമണ്ഡലങ്ങളിലും താലൂക്ക് കേന്ദ്രങ്ങളിലും ആഗസ്റ്റ് മാസം 23-ാം തീയതി മുതലുള്ള ആറ് ദിവസക്കാലം ഓണത്തിന് ജനങ്ങൾക്ക് വിലക്കയറ്റത്തിന്റെ ഭീതി വരാതിരിക്കാനുള്ള ഇടപെടലുകൾ ഉണ്ടാകുമെന്ന കാര്യം ഞാൻ സൂചിപ്പിക്കുകയാണ്. വെളിച്ചെണ്ണയുടെയും മുളകിന്റെയുമൊക്കെ വിലയെക്കുറിച്ച് ബഹുമാന്യനായ അംഗം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. വിലക്കയറ്റമുണ്ടാകുമ്പോൾ ചില സാധനങ്ങൾക്ക് ലഭ്യതക്കുറവുണ്ടാകും. എന്നാൽ വെളിച്ചെണ്ണയ്ക്ക് കഴിഞ്ഞ ആറേഴ് മാസക്കാലമായി ഒരു ദിവസം പോലും ഒരു ഔട്ട്ലെറ്റിലും ലഭ്യത കുറവുണ്ടായിട്ടില്ല. അരകിലോ വെളിച്ചെണ്ണ 46 രൂപയ്ക്കാണ് നൽകുന്നത്.

ഇത് മാർക്കറ്റിലെ വിലയുമായി താരതമ്യം ചെയ്ത് നോക്കണം. മുളകിന്റെ വില 37.50 രൂപയാണ്. പൊതുവിപണിയിൽ 145 രൂപയും അതിനുമുകളിലുമാണ് വില വരുന്നത്. സപ്ലൈകോയിൽ നാൽപ്പതോളം നിത്യോപയോഗ സാധനങ്ങൾ ഈ പറഞ്ഞ സബ്സിഡിയിൽ അല്ലെങ്കിലും പൊതുവിപണിയിക്കാളും വിലകുറച്ച് യഥേഷ്ടം നൽകുകയാണ്.

അരിയുടെ കാര്യത്തിൽ, 23-25 രൂപ നിരക്കിലാണ് 10 കിലോ അരി നൽകിവരുന്നത്. നിങ്ങൾ ഭരിക്കുന്ന സ്റ്റേറ്റുകൾ ഉൾപ്പെടെ മറ്റ് സ്റ്റേറ്റുകളിലെ അരിയുടെ വില നിങ്ങൾ പരിശോധിക്കണം. അവിടങ്ങളിൽ 40 രൂപയ്ക്ക് മുകളിലാണ് അരിയുടെ വില വരുന്നത്. ഇവിടെ റേഷൻ കടകൾ മുഖേന അരി നൽകുന്നത് കൂടാതെ സപ്ലൈകോ ഔട്ട് ലൈറ്റുകൾ മുഖേന 10 കിലോ അരി ഏതു തരത്തിലുള്ള കാർഡുകാർക്കും നൽകുകയാണ്. നിത്യോപയോഗ സാധനങ്ങളും മാർക്കറ്റിലെ വിലയേക്കാൾ കുറച്ച് നൽകുന്നതിലൂടെ ജനങ്ങൾക്ക് ആശ്വാസം പകരുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഉൽപ്പന്നങ്ങളുടെ കുറവ് അടിയന്തരമായി പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അത്തരം സാധനങ്ങൾ വന്നുതുടങ്ങിയിട്ടുണ്ട്. രാജ്യം മുഴുവനുള്ള വിഷയങ്ങൾ നമുക്കറിയാവുന്നതാണ്. അതിന്റേതായ കുറവുകൾ

ആദ്യഘട്ടങ്ങളിലുണ്ടായിട്ടുണ്ട്. അത് പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിച്ചിട്ടുണ്ട്. അതുകൊണ്ട് ഇത്തരം വിഷയം സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട സാഹചര്യമില്ലെന്നുള്ള കാര്യം അറിയിക്കുന്നു.

മി. സ്പീക്കർ: ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ അടിയന്തരപ്രമേയത്തിനുള്ള അവതരണാനുമതി നിഷേധിച്ചിരിക്കുന്നു.

(അടിയന്തരപ്രമേയാവതരണത്തിന് അനുമതി നിഷേധിച്ചു.)

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, കേരള സംസ്ഥാനത്തെ സാധാരണ ജനങ്ങൾ നിരവധി പ്രതിസന്ധികളിലൂടെ കടന്നുപോകുന്ന കാലമാണിത്. മഹാപ്രളയവും മഹാമാരിയും ജനങ്ങളുടെ സാമ്പത്തിക അടിത്തറ തകർക്കുകയാണ്. ഈ സാമ്പത്തിക ആഘാതത്തിൽനിന്നും മനുഷ്യർ മുക്തരാകുന്നതേയുള്ളൂ. ഇക്കഴിഞ്ഞവർഷം സംസ്ഥാനത്തിന്റെ ചരിത്രത്തിൽ ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ഏറ്റവും കൂടുതൽ ജപ്തി നോട്ടീസുകൾ പ്രവഹിച്ച കാലമാണ്. ധനകാര്യ സ്ഥാപനങ്ങൾ (സർക്കാർ ധനകാര്യ സ്ഥാപനങ്ങളും സഹകരണ സ്ഥാപനങ്ങളും സ്വകാര്യ

സ്ഥാപനങ്ങളുമെല്ലാം) കിടപ്പാടവും കൃഷിയിടങ്ങളുമല്ലാം ജപ്തി ചെയ്ത കാലമാണ് ഈ മാർച്ച് 31 വരെയുള്ള സമയം. അതിനുശേഷം നാല് മാസം കഴിഞ്ഞു. മാർച്ച് 31-ലെ വിലയും ജൂലായ് 31-ലെ വിലയും താരതമ്യം ചെയ്താൽ നാല് അംഗങ്ങളുള്ള ഒരു ഇടത്തരം കുടുംബത്തിന്, നാല് മാസംകൊണ്ട് വർദ്ധിച്ചിരിക്കുന്ന ബാധ്യത അയ്യായിരം രൂപ മുതൽ പതിനായിരം രൂപ വരെയാണ്. ചില വീടുകളിൽ അത് പതിനയ്യായിരം രൂപയായി മാറിയിട്ടുണ്ട്. കെട്ടിട നികുതി, വെള്ളക്കരം, വൈദ്യുത ചാർജ്ജ് എന്നിവയെല്ലാം വർദ്ധിപ്പിച്ചതോടൊപ്പം ഇന്ധന സെസ്സും ഏർപ്പെടുത്തി, ഒരു സർക്കാരിന് ജനങ്ങളുടെ മീതെ ഇരുമ്പുകൂടം കൊണ്ട് തലയ്ക്കടിക്കാൻ പറ്റാവുന്ന രീതിയിലുള്ള എല്ലാം നിങ്ങൾ ചെയ്തു. വിപണിയിൽ രൂക്ഷമായ വിലവർദ്ധനയുണ്ടാകുമ്പോൾ അതിനെക്കുറിച്ച് എല്ലാ മാധ്യമങ്ങളും എഴുതും. അവർ ഫീൽഡിൽപോയി ചർച്ച ചെയ്ത് റിപ്പോർട്ട് എടുക്കും. ആ മാധ്യമങ്ങളിൽ വന്ന വാർത്തകൾക്കും പ്രതിപക്ഷം ഉന്നയിച്ച ആരോപണങ്ങൾക്കും മുഖ്യമന്ത്രി മറുപടി പറഞ്ഞത്, ....... മുഖ്യമന്ത്രി

ഇപ്പോൾ ആരോടും ഒന്നും പറയുകയില്ലല്ലോ; മുഖ്യമന്ത്രിയുടെ ഓഫീസിന്റെ ഫേസ്ബുക്ക് പോസ്റ്റ് വന്നു. .....(ബഹളം)..... അതിൽ അദ്ദേഹം പറഞ്ഞത് സപ്ലൈകോ മാർക്കറ്റിലെ വിലയെക്കുറിച്ചാണ്. സപ്ലൈകോ മാർക്കറ്റിലെ വില എന്താണ്; സപ്ലൈകോ മാർക്കറ്റിലെ വിലയെക്കുറിച്ച് ഇവിടെ മന്ത്രി.......(ബഹളം)

മി. സ്പീക്കർ: പ്ലീസ്.... പ്ലീസ്.....

പ്രതിപക്ഷ നേതാവ് (ശ്രീ. വി. ഡി. സതീശൻ): സർ, രാജസ്ഥാനിലേയ്ക്കും ഡൽഹിയിലേയ്ക്കും കർണ്ണാടകത്തിലേയ്ക്കും നോക്കാനാണ് ഇവിടെ മന്ത്രി പറഞ്ഞത്; 1964-ൽ ആർ. ശങ്കറിന്റെ കാലത്ത് സ്റ്റാറ്റ്യൂട്ടറി റേഷനിംഗ് സമ്പ്രദായം കൊണ്ടുവന്ന ഇന്ത്യയിലെ ആദ്യത്തെ സംസ്ഥാനമാണ് കേരളം. സിവിൽ സപ്ലൈസ് കോർപ്പറേഷനും കൺസ്യൂമർ ഫെഡും ഉൾപ്പെടെ നിരവധി ഏജൻസികൾ രൂപീകരിച്ചുകൊണ്ട് മാറിമാറി വന്ന സർക്കാരുകൾക്ക് മാർക്കറ്റിൽ ഇടപെടേണ്ടിവന്നത്, കേരളം ഇന്ത്യയിലെ ഏറ്റവും വലിയ കൺസ്യൂമർ സ്റ്റേറ്റായതുകൊണ്ടാണ്. ഇത് ആരുടെയും

പ്രത്യേകതയല്ല. സർക്കാരുകൾ മാറിമാറി വന്ന കാലഘട്ടമാണിത്. മാർക്കറ്റ് ഇടപെടലിൽ ഈ സർക്കാർ ദയനീയമായി പരാജയപ്പെട്ടു. വിപണിയിലെ വിലനിലവാരം അറിയണമെങ്കിൽ കോഴിക്കോടുള്ള പാളയം മാർക്കറ്റിൽ പോകണമെന്നില്ല ഇവിടത്തെ പാളയം മാർക്കറ്റ് സന്ദർശിച്ചാലും മതിയാകും. സപ്ലൈകോയിൽ സപ്ലൈ ചെയ്യുന്ന കരാറുകാർക്ക് എത്ര കോടി രൂപ നിങ്ങൾ കൊടുക്കാനുണ്ടെന്ന് മന്ത്രിക്കറിയാമല്ലോ. അറുന്നൂറ്റി ചില്വാനം കോടി രൂപ കൊടുക്കാനുണ്ട്. പ്രധാന കരാറുകാർ ഇപ്പോൾ ടെണ്ടറിൽ പങ്കെടുക്കുകയോ സാധനങ്ങൾ സപ്ലൈ ചെയ്യുകയോ ചെയ്യുന്നില്ല. അതുകൊണ്ടാണ് സാധനങ്ങൾ റീട്ടെയിൽ ഔട്ട്ലെറ്റിൽ ഇല്ലാത്തത്. റീട്ടെയിൽ ഔട്ട്ലെറ്റിൽ ഒരുപാട് സാധനമുണ്ട്. മാവേലി സ്റ്റോറിൽ സോപ്പും ചീപ്പും കണ്ണാടിയുമൊക്കെ വിൽക്കുകയാണ്. അങ്ങനെ വിൽക്കുന്നതിൽ ഒരു പ്രശ്നവുമില്ല. അതല്ല വേണ്ടത്. 13 എസൻഷ്യൽ കമ്മോഡിറ്റീസ് സബ്സിഡി റേറ്റിൽ വിതരണം നടത്തിക്കൊണ്ട് ബാക്കി എല്ലാ സാധനങ്ങളും അവിടെ ഷോകേസിൽ വച്ചോ. ആരെങ്കിലും വന്ന് വാങ്ങിക്കോട്ടെ. 13 എസൻഷ്യൽ കമ്മോഡിറ്റീസാണ് സബ്സിഡൈസ്

ചെയ്ത് മാർക്കറ്റിൽ കൊടുക്കുന്നത്. ആ സാധനങ്ങളുണ്ടോ? പാളയം മാർക്കറ്റിലും ബഹു. മന്ത്രിയുടെ നിയോജകമണ്ഡലമായ നെടുമങ്ങാട്ടും അഴീക്കോട് സൂപ്പർമാർക്കറ്റിലും കരകുളത്തെ സൂപ്പർമാർക്കറ്റിലും നമുക്ക് ഒരുമിച്ച് പോകാം. അവിടെയൊന്നും ഈ സാധനങ്ങളില്ലെന്നത് യാഥാർത്ഥ്യമാണ്. ഞാൻ ബഹുമാനപ്പെട്ട മന്ത്രിയെയല്ല കുറ്റപ്പെടുത്തുന്നത്. സപ്ലൈകോയ്ക്ക് പണം കൊടുക്കണ്ടേ, പണം കൊടുത്തില്ലെങ്കിൽ ഈ ഓണക്കാലത്ത് ടെണ്ടർ നടപടികൾ പോലും നടക്കില്ല.

ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി (ശ്രീ. ജി. ആർ. അനിൽ):സർ, സപ്ലൈകോ ഔട്ട്ലെറ്റുകളിൽ പതിമൂന്ന് നിത്യോപയോഗ സാധനങ്ങളില്ലെന്ന് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് തെറ്റായ സ്റ്റേറ്റ്മെന്റാണ്. പ്രതിപക്ഷനേതാവ് കൂടി വരികയാണെങ്കിൽ സഭ പിരിഞ്ഞതിനുശേഷം ഞാൻ അവിടെ പോകാൻ തയ്യാറാണ്.

ശ്രീ. വി. ഡി. സതീശൻ: സർ, നമുക്ക് പോകാം. മന്ത്രിയുടെ നിയോജകമണ്ഡലമുൾപ്പെടെയുള്ള സ്ഥലങ്ങളിൽ പ്രധാനപ്പെട്ട 13 എസൻഷ്യൽ കമ്മോഡിറ്റീസ്... (ബഹളം)

മി. സ്പീക്കർ: Yes you continue

ശ്രീ. വി. ഡി. സതീശൻ: സർ, (.....ബഹളം...) 13 എസൻഷ്യൽ കമ്മോഡിറ്റീസില്ല. നിങ്ങൾ എവിടെ വേണമെങ്കിലും പോയി നോക്കിക്കോ. വളരെക്കുറച്ച് സാധനങ്ങളേയുള്ളൂ. ഇപ്പോൾ പറഞ്ഞു, വെളിച്ചെണ്ണ എല്ലായിടത്തുമുണ്ടെന്ന്. (ബഹളം) ഈ എസൻഷ്യൽ കമ്മോഡിറ്റീസിന്റെ ഭാഗമായി വെളിച്ചെണ്ണയുണ്ട്. സബ്സിഡിയുള്ളത് അരലിറ്ററിനാണ്. അവിടെ കൊടുക്കുന്നത് ഒരുലിറ്ററാണ്. ഇവിടെ ഒരുലിറ്ററിന്റെ പൗച്ചേയുള്ളൂ അരലിറ്ററില്ലെന്ന് പറയുന്നു. ഗവൺമെന്റ് ബാധ്യത ഏറ്റെടുത്ത് സപ്ലൈകോ വഴി സബ്സിഡൈസ് ചെയ്ത് സാധനം കൊടുക്കുന്നത്എന്തിനാണ്? മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടിയാണ്. അതായത് മാർക്കറ്റ് ഇന്റർവെൻഷൻ കൃത്യമായി ചെയ്താൽ പൊതുമാർക്കറ്റിലെ വില താഴോട്ട് വരും. കൃത്രിമമായുണ്ടാകുന്ന വിലക്കയറ്റങ്ങൾ ഇല്ലാതാകും. ഇടനിലക്കാർ ഉണ്ടാക്കുന്ന കൃത്രിമ വിലക്കയറ്റത്തെ നിയന്ത്രിക്കാൻ സാധിക്കും. ബഹു. മുഖ്യമന്ത്രി പറഞ്ഞ സപ്ലൈകോയുടെ റേറ്റിൽ ചെറുപയറിന് 74 രൂപയാണ്. പൊതുവിപണിയിൽ 120 രൂപയാണ്. ഉഴുന്നുപരിപ്പിന് സപ്ലൈകോയിൽ 66 രൂപ

പൊതുമാർക്കറ്റിൽ 130 രൂപ. കടല 43 രൂപ പുറത്ത് 160 രൂപ. വൻപയർ 45 രൂപ പുറത്ത് 120 രൂപ. സപ്ലൈകോയിൽ മുളകിന് 75 രൂപ പുറത്ത് 320 രൂപയാണ്. ഇപ്രകാരം നിത്യോപയോഗ സാധനങ്ങളുടെ വിലയുടെ ഇരട്ടിയും മൂന്നിരട്ടിയും വിലയാണ് പൊതുമാർക്കറ്റിൽ. പൊതുമാർക്കറ്റിൽ നിന്നല്ലേ ആളുകൾ സാധനം വാങ്ങിക്കുന്നത്. അപ്പോൾ മാർക്കറ്റ് ഇന്റർവെൻഷൻ നടത്തി പൊതുമാർക്കറ്റിലെ വിലയെ പിടിച്ചുനിർത്താൻ നിങ്ങൾ പരാജയപ്പെട്ടുവെന്നതാണ് ഞങ്ങൾ പറയുന്നത്. അല്ലാതെ അവിടെ മൂന്ന് ഐറ്റമുണ്ട്, ഇവിടെ നാല് ഐറ്റമുണ്ട്. ഞാൻ രാവിലെ വിളിച്ചു ചോദിച്ചപ്പോൾ നെടുമങ്ങാട് പീപ്പിൾസ് ബസാറിൽ മുളകില്ല, വൻപയറില്ല, കടലയില്ല, ഉഴുന്നില്ല എന്നാണ് പറയുന്നത്. (...ബഹളം) ഞാനത് മന്ത്രിയെ പരിഹസിക്കാൻ പറഞ്ഞതല്ല. അങ്ങയുടെ നിയോജകമണ്ഡലത്തിൽ മാത്രം കൊടുക്കാൻ പറ്റുമോ. അങ്ങനെ കൊടുക്കില്ല. അങ്ങ് അങ്ങനെ ചെയ്യുകയുമില്ല. ഉള്ള പ്രശ്നമെന്താണ്, സപ്ലൈകോയ്ക്ക് സബ്സിഡി നിരക്കിൽ നേരത്തേ സാധനങ്ങൾ വാങ്ങിച്ചതിന്റെ ഭീമമായ തുക കരാറുകാർക്ക് കൊടുക്കാനുണ്ട്. അതുകൊണ്ട് കരാറുകാർ സപ്ലൈ ചെയ്യുന്നില്ല. അതുകൊണ്ട് സർക്കാർ പണം കൊടുക്കണം. ഈ ഓണത്തിന് മുമ്പ് അവർക്ക് 700 കോടി രൂപയുടെ

ആവശ്യമുണ്ട്. നേരത്തേതിലെ 600 കോടി രൂപ അവർക്ക് കൊടുത്തുതീർക്കാനുണ്ട്. അപ്പോഴാണ് നിങ്ങൾ സാധനം വാങ്ങിക്കാൻ 70 കോടി രൂപ കൊടുത്തത്. ഈയർമാർക്ക് ചെയ്തിട്ടാണല്ലോ കൊടുത്തിരിക്കുന്നത്. 1300 കോടി ആവശ്യമുള്ളപ്പോൾ 70 കോടി. അതുകൊണ്ടാണ് ബഹുമാനപ്പെട്ട അംഗം ശ്രീ. പി. സി. വിഷ്ണുനാഥ് ഇത് സത്യത്തിൽ ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി അവതരിപ്പിക്കേണ്ട അടിയന്തര പ്രമേയമായിരുന്നുവെന്ന് പറഞ്ഞത്. അദ്ദേഹം പറഞ്ഞതിനെ ഞാൻ ശരി വയ്ക്കുന്നു. കാരണം പണം തരണമെന്ന് സർക്കാരിനോട് പറയേണ്ട സ്ഥിതിയാണ്. മാധ്യമങ്ങളിൽ വന്ന വാർത്തകളെക്കുറിച്ച് നിങ്ങൾ ധാരാളം പരാതി പറഞ്ഞല്ലോ. വേറൊരു ഏജൻസിയുണ്ട് ഹോർട്ടികോർപ്പ്, അതുകൂടി പറയണം. പച്ചക്കറിയുടെ വില പിടിച്ചുനിർത്താൻ വേണ്ടിയാണ്. ഹോർട്ടികോർപ്പിൽ കത്തിരി (നാടൻ) വില 72 രൂപ പൊതുമാർക്കറ്റിൽ 50 രൂപയാണ്. ഹോർട്ടികോർപ്പിനേക്കാളും കുറവാണ്. ഹോർട്ടികോർപ്പിൽ വഴുതനയുടെ വില 52 രൂപ പൊതുമാർക്കറ്റിൽ 30 രൂപ. ഹോർട്ടികോർപ്പിൽ വെണ്ടയ്ക്കയുടെ വില 25 രൂപ പൊതുമാർക്കറ്റിൽ 20 രൂപ. ഹോർട്ടികോർപ്പിൽ പടവലത്തിന് 35 രൂപയാണ് പുറത്ത് 25 രൂപയാണ്.

ഹോർട്ടികോർപ്പ് എങ്ങനെയാണ് പച്ചക്കറിയുടെ വില നിയന്ത്രിക്കുന്നത്. ഞാൻ പറയുന്നത് ഇതൊരു ഗവൺമെന്റ് ഏജൻസിയാണ് ഇത് ഇൻകോർപ്പറേറ്റ് ചെയ്തതെന്തിനാണ്; മാർക്കറ്റ് ഇന്റർവെൻഷനുവേണ്ടി ഇൻകോർപ്പറേറ്റ് ചെയ്ത ഗവൺമെന്റ് ഏജൻസിയായ ഹോർട്ടികോർപ്പ് പരാജയപ്പെട്ടു. കെ.എസ്.ആർ.ടി.സി.-യെ കൊന്നതുപോലെ നിങ്ങൾ സിവിൽ സപ്ലൈസ് കോർപ്പറേഷനെ മുക്കികൊല്ലുകയാണ്. അതാണ് പ്രശ്നം. മാധ്യമങ്ങളിൽ വാർത്ത വന്നതിനെക്കുറിച്ചുള്ള ഒരുപാട് വിമർശനങ്ങൾ ഇവിടെ വന്നു. മാധ്യമങ്ങളിൽ ധന വകുപ്പും സിവിൽ സപ്ലൈസ് വകുപ്പും...

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവേ.. Please.....

കൃഷി വകുപ്പുമന്ത്രി (<u>ശ്രീ. പി. പ്രസാദ്</u>): സർ, ഹോർട്ടികോർപ്പിനെക്കുറിച്ച് പരാമർശിച്ചുകൊണ്ടാണ്, എവിടെയാണ് ഇത്തരം സംഭവങ്ങളുള്ളതെന്ന് പറയണം. കേരളത്തിലെ കർഷകർ ഉല്പാദിപ്പിക്കുന്ന ഉല്പന്നങ്ങൾ കർഷകരിൽനിന്നും സംഭരിച്ച് ഹോർട്ടികോർപ്പുവഴി വിതരണം നടത്തുന്നതിനാണ് ഹോർട്ടികോർപ്പിനെ നിശ്ചയിച്ചിരിക്കുന്നത്. അതോടൊപ്പമാണ് മാർക്കറ്റ് ഇന്റർവെൻഷൻ എന്ന തരത്തിൽ നിൽക്കുന്നതെല്ലാം. എവിടെയാണെന്ന് പറഞ്ഞാൽ, അല്ലാതെ

(...ബഹളം..)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): (ബഹളം) (മൈക്ക് ഓഫ്)

മി. സ്പീക്കർ: നോ, നോ, അങ്ങനെ ഡിബേറ്റില്ല.

ശ്രീ. വി. ഡി. സതീശൻ: സർ, കൺസേൺഡ് മന്ത്രിക്കാണ് കൊടുത്തത്. (ബഹളം)

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ആന്റണി രാജു): (..ബഹളം..) (മൈക്ക് ഓഫ്)

മി. സ്പീക്കർ: Hon'ble LOP continue.... (ബഹളം)

ശ്രീ. വി. ഡി. സതീശൻ: സർ, എന്നെ തടസ്സപ്പെടുത്തരുത്. (ബഹളം)

മി. സ്പീക്കർ: You continue.... (..ബഹളം..)

ശ്രീ. കെ. എൻ. ബാലഗോപാൽ: (..ബഹളം..) (മൈക്ക് ഓഫ്)

ശ്രീ. ആന്റണി രാജു: (..ബഹളം..) (മൈക്ക് ഓഫ്)

ശ്രീ. വി. ഡി. സതീശൻ: സർ, ചർച്ച ചെയ്യാം.

മി. സ്പീക്കർ: (..ബഹളം..) please... please.. (..ബഹളം.) (ബഹളം) please... please.. സമയം പോകുന്നു. Hon'ble LOP, Please.....

ശ്രീ. വി. ഡി. സതീശൻ: സർ, (...ബഹളം) ഇത്രയും ബഹളമുണ്ടാക്കുമ്പോൾ ഞാനെന്തു ചെയ്യാനാണ്. മന്ത്രിമാർ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കിയാൽ ഞാനെങ്ങനെയാണ് സംസാരിക്കുന്നത്.

മി. സ്പീക്കർ: please... please.. (...ബഹളം) Hon'ble LOP continue please.....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ പറഞ്ഞ കാര്യത്തിന്റെ ആധികാരികത എന്താണെന്നാണ് ബഹുമാനപ്പെട്ട കൃഷി വകുപ്പുമന്ത്രി ചോദിച്ചത്. കൃഷി വകുപ്പിന്റെ കീഴിലുള്ള ഹോർട്ടികോർപ്പിന്റെ ഇന്നത്തെ (08-08-2023) വില്പന വിലയാണ് ഞാൻ വായിച്ചത്. ഞാൻ അദ്ദേഹത്തിന് നൽകാം. അദ്ദേഹം പരിശോധിക്കട്ടെ. അദ്ദേഹം പരിശോധിക്കണം. ധനവകുപ്പും സിവിൽ സപ്ലൈസും തമ്മിലുള്ള തർക്കം മാധ്യമങ്ങളിലൂടെയാണ് അവർ കൊടുക്കുന്നത്. രണ്ടുപേരും തർക്കമാണ്. കുടിശ്ശിക..

ശ്രീ. കെ. എൻ. ബാലഗോപാൽ: (മൈക്ക് ഓഫ്) എനിക്ക് പറയാൻ അവസരം നൽകണം.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങനെപറ്റില്ല. I am not yielding, I

am not yielding, I am not yielding (ബഹളം) (ബഹളം) ഞാൻ പറയട്ടെ. Let be complete.

മി. സ്പീക്കർ: (ബഹളം) please... please.. (ബഹളം) ... please.. . അദ്ദേഹം വഴങ്ങുന്നില്ല. LOP is not ready to yield. .....So please continue..... (ബഹളം..) അവിടെ ഇരിക്കൂ.. please... please.. You continue... please... please.. നിങ്ങളുടെ സ്പീച്ചിന്റെ സമയമാണ് പോകുന്നത്. (ബഹളം) please... please.. (ബഹളം) please... please.. ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെയിരിക്കണം. (ബഹളം) please... please.. (ബഹളം) പ്രതിപക്ഷനേതാവ് വഴങ്ങുന്നില്ല. പിന്നെ എനിക്കെന്ത് ചെയ്യാൻ സാധിക്കും. (ബഹളം) please... please....please... please....

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങയോട് പറയുകയാണ്. (ബഹളം)

മി. സ്പീക്കർ: ബഹുമാപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിക്ക് yield ചെയ്യാൻ തയ്യാറാണോ?

ശ്രീ. വി. ഡി. സതീശൻ: സർ, I am not yielding

മി. സ്പീക്കർ: no..no.. FM-ന് yield ചെയ്യാൻ തയ്യാറല്ല. So you

continue.. (ബഹളം) please... please.... അദ്ദേഹം yield ചെയ്യാൻ തയ്യാറല്ല. പിന്നെ ചെയറിന് എന്തുചെയ്യാൻ സാധിക്കും. (ബഹളം)... you continue.. (ബഹളം)

ശ്രീ. വി. ഡി. സതീശൻ: സർ, അവർ ഇരിക്കാതെ ഞാൻ സംസാരിക്കില്ല. (ബഹളം)

മി. സ്പീക്കർ: you continue.. (ബഹളം) please... അവർക്ക് മൈക്കില്ല. നിങ്ങൾക്കേ മൈക്കുള്ളൂ.

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രിമാരോട് ഇരിക്കാൻ പറയൂ. (ബഹളം)

മി. സ്പീക്കർ: നിങ്ങൾക്കേ മൈക്കുള്ളൂ. (ബഹളം) നിങ്ങളുടെ ശബ്ദമേ പുറത്തുവരൂ. please...(ബഹളം)

ശ്രീ. വി. ഡി. സതീശൻ: സർ, മന്ത്രിമാരോട് ഇരിക്കാൻ പറയൂ. (ബഹളം)

മി. സ്പീക്കർ: മിനിസ്റ്റർ പ്ലീസ്... മിനിസ്റ്റർ പ്ലീസ്... മിനിസ്റ്റർ പ്ലീസ്...

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ വാക്കൗട്ട് പ്രസംഗം നടത്തുമ്പോൾ .....

<u>ശ്രീ. കെ. എൻ. ബാലഗോപാൽ</u>: (മൈക്ക് ഓഫ്)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, സഭയിൽ പെരുമാറാൻ അങ്ങേയ്ക്ക് അറിയില്ലേ. (ബഹളം)

<u>മി. സ്പീക്കർ</u>: Yes... Yes... You please...(ബഹളം)

(മന്ത്രിമാർ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കിക്കൊണ്ടിരുന്നു.)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, മന്ത്രിമാർ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കുകയാണ്. അവർ ഇരിക്കട്ടെ. (ബഹളം)

<u>മി. സ്പീക്കർ</u>: ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെയിരിക്കണം. അദ്ദേഹം പ്രസംഗിക്കട്ടെ. പ്ലീസ്...അദ്ദേഹം പ്രസംഗിക്കട്ടെ. (ബഹളം) പ്രതിപക്ഷനേതാവ് സംസാരിക്കൂ. പ്ലീസ്...പ്ലീസ്...പ്ലീസ്...(ബഹളം)

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, ഞാൻ സംസാരിക്കുകയാണ്. I am on my legs. (ബഹളം)no.. no. (ബഹളം) You don't have any right. (ബഹളം) no right, ഞാൻ yield ചെയ്താൽ റൈറ്റുണ്ട്. അവർ ഇരിക്കട്ടെ. അപ്പോൾ നിങ്ങൾക്ക് തരാം.

<u>മി. സ്പീക്കർ</u>: (ബഹളം) ബഹുമാനപ്പെട്ട മിനിസ്റ്റർ അവിടെയിരിക്കൂ.... (ബഹളം..) പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും

ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി സംസാരിക്കട്ടെ. പ്ലീസ്...പ്ലീസ്...പ്ലീസ്.. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ, പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗ ക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രിക്കെന്തോ .... (ബഹളം)

ശ്രീ. വി. ഡി. സതീശൻ: സർ, (ബഹളം) എല്ലാവരും ഇരിക്കട്ടെ (ബഹളം)

(പ്രതിപക്ഷാംഗങ്ങൾ സ്പീക്കറിന്റെ ഡയസിനുമുന്നിലേയ്ക്ക് ഇറങ്ങിവന്നു.)

മി. സ്പീക്കർ: യെസ്. പ്ലീസ്.. പ്ലീസ്.. Let them go to their seats. (ബഹളം) പ്ലീസ്.. പ്ലീസ്.. മന്ത്രിമാർ ഇരുന്നു. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവേ.. പ്ലീസ്..You continue your walkout speech.

മി. സ്പീക്കർ: പ്ലീസ് ....... (.... ബഹളം .....) എല്ലാവരും അവരവരുടെ സീറ്റുകളിലേയ്ക്ക് പോകണം. മന്ത്രിമാർ ഇരുന്നു. പ്രതിപക്ഷ നേതാവിന് വോക്കൗട്ട് പ്രസംഗം തുടരാം.

ശ്രീ. വി. ഡി. സതീശൻ: സർ, ഞാൻ അങ്ങയോട് ചോദിക്കുകയാണ്, പ്രതിപക്ഷ നേതാവ് വോക്കൗട്ട് പ്രസംഗം നടത്തിയപ്പോൾ രണ്ട് വകുപ്പുകളുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പറഞ്ഞു, വകുപ്പുമന്ത്രിമാർ ഇടപെട്ടു.

സിവിൽ സപ്ലൈസ് വകുപ്പുമായി ബന്ധപ്പെട്ട് കാര്യങ്ങൾ പറഞ്ഞപ്പോൾ വകുപ്പുമന്ത്രി ഇടപെട്ടപ്പോൾ ഞാൻ വഴങ്ങിക്കൊടുത്തു. കൃഷിവകുപ്പുമായി ബന്ധപ്പെട്ട കാര്യം പറഞ്ഞപ്പോൾ കൃഷി വകുപ്പുമന്ത്രി ഇടപെട്ടപ്പോഴും ഞാൻ വഴങ്ങിക്കൊടുത്തു. കെ.എസ്.ആർ.ടി.സി.-യുമായി താരതമ്യപ്പെടുത്തിയതിന് ഓരോ മന്ത്രിമാരും എഴുന്നേറ്റാൽ .... (.... ബഹളം .....)

<u>മി. സ്പീക്കർ</u>: പ്ലീസ് ....... ശ്രീ. എം. വിൻസെന്റ് സീറ്റിൽ പോയി ഇരിക്കണം. ഭരണപക്ഷം ഇരുന്നല്ലോ? ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പ്രസംഗം തുടരാം.

(പ്രതിപക്ഷാംഗങ്ങൾ ഡയസിനുമുമ്പിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ചുകൊണ്ടിരുന്നു.)

<u>മി. സ്പീക്കർ</u>: ഇന്ന് വളരെ പ്രധാനപ്പെട്ട ബില്ലുകളുള്ളതാണ്. പ്ലീസ് ....... ഭരണപക്ഷ അംഗങ്ങൾ നിശബ്ദരായി. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവിന് പ്രസംഗം തുടരാം. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ഒന്ന് സഹകരിക്കണം.

<u>ശ്രീ. വി. ഡി. സതീശൻ</u>: സർ, അങ്ങ് എനിക്ക് പൂർണ്ണമായി സംരക്ഷണം തരുമെന്ന് ഉറപ്പുതന്നാൽ ഞാൻ സംസാരിക്കാം. അങ്ങ്

എനിക്ക് സംസാരിക്കാനുള്ള സന്ദർഭം തരുന്നില്ല.

മി. സ്പീക്കർ: I am not hearing you because of this sound.

ശ്രീ. വി. ഡി. സതീശൻ: സർ, ഈ സഭയുടെ ചരിത്രത്തിലില്ലാത്ത കാര്യമാണിന്ന് നടന്നത്. ഒരു പ്രതിപക്ഷ നേതാവ് വോക്കൗട്ട് പ്രസംഗം നടത്തുമ്പോൾ എല്ലാ മന്ത്രിമാരും എഴുന്നേറ്റുനിന്ന് ഇടപെടണമെന്ന് ആവശ്യപ്പെട്ടാൽ ....... കൺസേൺഡ് മന്ത്രിമാർ ഇടപെട്ടപ്പോൾ ഞാൻ യീൽഡ് ചെയ്തതാണ്. തുടരെത്തുടരെ എന്റെ പ്രസംഗം തടസ്സപ്പെടുത്താൻവേണ്ടി മന്ത്രിമാർ എഴുന്നേറ്റുനിന്ന് ബഹളമുണ്ടാക്കിയത് ദൗർഭാഗ്യകരമായ കാര്യമാണെന്ന് ഞാൻ സൂചിപ്പിക്കുന്നു. സംസാരിക്കാൻ വേണ്ടി അങ്ങ് എനിക്ക് പ്രൊട്ടക്ഷൻ നൽകണം. ഞങ്ങൾ മാധ്യമ വാർത്തകളെക്കുറിച്ചാണല്ലോ ഇവിടെ പറഞ്ഞത്. മാധ്യമ വാർത്തകളിൽ എന്താണ്? 'കുടിശ്ശിക നൽകാതെ ധനവകുപ്പ് തങ്ങളെ തഴയുന്നു' എന്ന് ഭക്ഷ്യവകുപ്പിന്റേതായ വാർത്ത വരുന്നു. പിറ്റേദിവസം നെൽകർഷകർക്ക് നൽകിയ 2500 കോടി രൂപ എന്തുചെയ്തുവെന്ന ധനവകുപ്പിന്റേതായ വേർഷൻ വരുന്നു. ഈ വാർത്തകളൊന്നും ഭക്ഷ്യവകുപ്പുമന്ത്രിയോ ബന്ധപ്പെട്ട ഉദ്യോഗസ്ഥരോ ധനവകുപ്പുമന്ത്രിയോ ധനവകുപ്പുമായി ബന്ധപ്പെട്ട

ഉദ്യോഗസ്ഥരോ നിഷേധിച്ചോ; ധനവകുപ്പ് അറിയാതെ ബാങ്ക് കൺസോർഷ്യത്തിൽ ഭക്ഷ്യവകുപ്പ് ഒപ്പുവച്ചു. ധനവകുപ്പിനോട് ചോദിക്കാതെയാണ് ഒപ്പുവച്ചത്. ചോദിക്കേണ്ട ആവശ്യമില്ലെന്ന് ഭക്ഷ്യവകുപ്പ്. ഇതെല്ലാം കഴിഞ്ഞ കുറെ ദിവസങ്ങളായി വരുന്ന ധനവകുപ്പും ഭക്ഷ്യവകുപ്പും തമ്മിലുള്ള തർക്കത്തിന്റേതായ വാർത്തകളാണ്. മാധ്യമ വാർത്തകൾ തെറ്റാണെങ്കിൽ, .... ചിലപ്പോൾ തെറ്റായ വാർത്തകൾ വരും. തെറ്റായ വാർത്തകൾ വന്നിട്ട് ഇതിലേതെങ്കിലും ഒരു മന്ത്രി അല്ലെങ്കിൽ സെക്രട്ടറി അല്ലെങ്കിൽ നിങ്ങളുടെ ഓഫീസ് ഏതെങ്കിലും ഒരു വാർത്ത നിഷേധിച്ചോ? 3400 കോടി രൂപയുടെ ബാധ്യതയിൽ സപ്ലൈകോ നിൽക്കുകയാണ്. സപ്ലൈകോയ്ക്ക് കരാറുകാർക്ക് പണം കൊടുക്കാനില്ല, നെൽകർഷകർക്ക് പണം കൊടുക്കാനില്ല, കിറ്റിന്റെ പണം, കോവിഡ് കാലത്ത് കൊടുത്ത കിറ്റിന്റെ പണം റേഷൻ കടക്കാർക്ക് കൊടുത്തിട്ടില്ല. എന്നിട്ട് ഭീമമായ ബാധ്യത, ഇത്രയും വലിയ തുക താങ്ങാനുള്ള കപ്പാസിറ്റി സപ്ലൈകോയ്ക്കുണ്ടോ? (ഞാൻ വഴങ്ങുന്നില്ല) സപ്ലൈകോയ്ക്ക് അത് താങ്ങാനുള്ള കപ്പാസിറ്റിയില്ല. അതാണ് യാഥാർത്ഥ്യം.

പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പുമന്ത്രി (<u>ശ്രീ. വി. ശിവൻകുട്ടി</u>):

സർ, .....വഴങ്ങുമോ? .....

ശ്രീ. വി. ഡി. സതീശൻ: സർ, സപ്ലൈകോയുടെ കാര്യത്തിൽ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് എന്താണ് കാര്യം? അദ്ദേഹം ഇടപെട്ട് തടസ്സപ്പെടുത്തുന്നു. .....(ബഹളം)...... ഭരണപക്ഷം വീണ്ടും എഴുന്നേൽക്കുകയാണ്.

മി. സ്പീക്കർ: Please....Please....you complete your speech.

ശ്രീ. വി. ഡി. സതീശൻ: സർ, അങ്ങ് അവരോട് ഇരിക്കാൻ പറയൂ.

മി. സ്പീക്കർ: അവർ ഇരുന്നു.....പ്ലീസ്....പ്ലീസ്.....you can continue....

ശ്രീ. വി. ഡി. സതീശൻ: സർ, ഇവരെ പൊള്ളിക്കുന്ന യാഥാർത്ഥ്യങ്ങൾ പറയുമ്പോൾ അവർ അറിയാതെ എഴുന്നേൽക്കുകയാണ്. എനിക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടുള്ള ചോദ്യം, സപ്ലൈകോ വേണ്ടെന്നാണോ സർക്കാരിന്റെ തീരുമാനം; ഇത്രയും വലിയ തുക ബാധ്യത വരുത്തിയാൽ ടി സ്ഥാപനം നിലനില്ക്കുമോ; സ്ഥാപനത്തിന് മാർക്കറ്റിൽ ഇടപെടാൻ കഴിയുമോ; സ്ഥാപനം എങ്ങനെ പ്രവർത്തിക്കും; അവിടെ ടെണ്ടർ പ്രൊസീഡ്യുവർ നടക്കുമോ; മറ്റേതെങ്കിലും നടപടികൾ നടക്കുമോ; നെൽകർഷകർക്ക് ടെണ്ടർ കൊടുക്കാൻ കഴിയുമോ? ധനകാര്യവകുപ്പും ഭക്ഷ്യ-

പൊതുവിതരണവകുപ്പും തമ്മിലുള്ള തർക്കം നിലനില്ക്കുമ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെടേണ്ടേ; അങ്ങ് പരിഹാരമുണ്ടാക്കിയോ? ഇടപെട്ടില്ല... അതാണ് ഞങ്ങൾ സൂചിപ്പിച്ചത്. കേരളത്തിൽ രൂക്ഷമായി വരുന്ന വിലക്കയറ്റം പകുതിയും നിങ്ങളുടെ സൃഷ്ടിയാണ്. മാർച്ച് 31 കഴിഞ്ഞ് പുതിയ സാമ്പത്തിക വർഷം വരുമ്പോൾ നിങ്ങൾ ജനങ്ങളുടെ മേലുണ്ടാക്കിവച്ച ബാധ്യതകളുടെ മീതെയാണ് ഇടപെടലുകൾ നടത്താതെയുള്ള ഈ വിലക്കയറ്റം ഉണ്ടായിരിക്കുന്നത്. ജനങ്ങൾ പ്രയാസപ്പെടുകയും കഷ്ടപ്പെടുകയും ചെയ്യുമ്പോൾ നിങ്ങൾ ചെറുവിരലനക്കാതെ മൂകസാക്ഷികളെപ്പോലെ നോക്കി നില്ക്കുന്നു.

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, (മൈക്ക് ഓഫ്) (ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇടപെട്ട് സംസാരിക്കാൻ ശ്രമിക്കുന്നു.)

ശ്രീ. വി. ഡി. സതീശൻ: സർ, ഇതെന്താണ്; ഒരു ധനകാര്യവകുപ്പുമന്ത്രിക്ക് യോജിച്ചതാണോയിത്?

മി.സ്പീക്കർ: ധനകാര്യവകുപ്പിനെക്കുറിച്ചുള്ള ആരോപണമുള്ളതുകൊണ്ടാണ് ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രി ഇടപെടാൻ ശ്രമിച്ചത്.

ശ്രീ. വി. ഡി. സതീശൻ: സർ, അവസരം വരുമ്പോൾ അക്കാര്യങ്ങൾ പറഞ്ഞാൽ മതിയാകും.

മി.സ്പീക്കർ: ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് വഴങ്ങുന്നുണ്ടോ?

ശ്രീ. വി. ഡി. സതീശൻ: സർ, ഇല്ല. ബഹുമാനപ്പെട്ട ധനകാര്യവകുപ്പുമന്ത്രിക്ക് സൂചിപ്പിക്കാനുള്ള കാര്യങ്ങൾ അവസരം വരുമ്പോൾ പറഞ്ഞാൽ മതിയാകും. പ്രസംഗം തടസ്സപ്പെടുത്താനുള്ള കാര്യങ്ങളാണിവിടെ ചെയ്യുന്നത്. കൂടാതെ ധനകാര്യവകുപ്പ് മന്ത്രിക്കാണ് സഭയിൽ ഏറ്റവും കൂടുതൽ സംസാരിക്കാൻ അവസരം ലഭിക്കുന്നത്.

Mr. Speaker: Please conclude your speech. 15 മിനിട്ടിലധികമായി..

ശ്രീ. വി. ഡി. സതീശൻ: സർ, വാക്കൗട്ട് പ്രസംഗത്തിൽ ക്രമപ്രശ്നം ഉന്നയിക്കാൻ കഴിയില്ല. ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ വാക്കൗട്ട് പ്രസംഗത്തെ നിരന്തരമായി തടസ്സപ്പെടുത്തുകയാണ്. ഞാൻ അങ്ങയുടെ മുന്നിൽ പരാതി ഉന്നയിക്കുകയാണ്. അങ്ങാണ് ചെയറിലിരിക്കുന്നത്. അങ്ങയുടെ അനുവാദത്തോടുകൂടിയാണ് ഞാൻ സംസാരിക്കുന്നത്. ബഹുമാനപ്പെട്ട മന്ത്രിമാരുടെ നേതൃത്വത്തിൽ മനഃപൂർവ്വമായ ഇടപെടൽ നടത്തി എന്റെ പ്രസംഗം തടസ്സപ്പെടുത്തുകയാണ്. നമ്മുടെ നാട്ടിലെ ജനങ്ങളെ ബാധിക്കുന്ന ഏറ്റവും വലിയ വിഷയം നിയമസഭയിൽ സംസാരിക്കാൻ അനുവദിക്കില്ലെന്നത് എന്തൊരു ജനാധിപത്യവിരുദ്ധതയാണ്; ഇതുതന്നെയാണ് പാർലമെന്റിലും നടക്കുന്നത്.

പറയാനുള്ളത് പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. പ്രസംഗത്തിലുടനീളം തടസ്സപ്പെടുത്തലുകളായിരുന്നു. ഇത് ശരിയായ ഒരു സമീപനമല്ല. ഇത്തരം സമീപനങ്ങൾ അവസാനിപ്പിക്കണം. ഇത് ആവർത്തിച്ചാൽ നിയമസഭാ നടപടികളുമായി സഹകരിച്ചുപോകാൻ ഞങ്ങൾക്ക് ബുദ്ധിമുട്ടാകുമെന്ന് അങ്ങയെ അറിയിക്കുകയാണ്. വകുപ്പുകൾ തമ്മിലുള്ള തർക്കം നടക്കുമ്പോൾ രൂക്ഷമായ സാമ്പത്തിക ബാധ്യതയുടെ പേരിൽ, സംസ്ഥാനത്തെ പൊതുവിപണിയിൽ ഇടപെടുന്ന ഏറ്റവും പ്രധാനപ്പെട്ടൊരു സ്ഥാപനം തകർന്ന് തരിപ്പണമാകുമ്പോൾ സർക്കാരും നോക്കുകുത്തിയായി നില്ക്കുന്നതിൽ ഞങ്ങളിലുള്ള ശക്തമായ പ്രതിഷേധം ഇവിടെ പ്രകടിപ്പിക്കുന്നു. ഇക്കാര്യം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും സൂചിപ്പിക്കുകയാണ്. നാട്ടിലെ വിലക്കയറ്റത്തിനുമുന്നിൽ പിടിച്ചുനില്ക്കാൻ കഴിയാതെ ജനങ്ങൾ ദുരിതപൂർണ്ണമായ ജീവിതത്തിലേയ്ക്ക് കടക്കുമ്പോൾ, ഒരു കാര്യത്തിലും ഇടപെടില്ലെന്ന സർക്കാരിന്റെ നിലപാടിൽ ശക്തമായി പ്രതിഷേധിച്ചുകൊണ്ട് ഞാനും എന്റെ പാർട്ടിയും വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. വി. ഡി. സതീശനും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭവിട്ട് പുറത്തുപോയി.)

<u>ശ്രീ. കെ. പി. എ. മജീദ്</u>: സർ, ബഹുമാനപ്പെട്ട ഭക്ഷ്യ-

പൊതുവിതരണവകുപ്പുമന്ത്രി എന്തുവാദഗതിയുന്നയിച്ചാലും വിലക്കയറ്റമെന്നത് യാഥാർത്ഥ്യമാണ്. അതിൽ നിന്ന് ഒഴിഞ്ഞുമാറാൻ കഴിയില്ല. കൂടാതെ അടിയന്തരപ്രമേയം അവതരിപ്പിച്ച് സംസാരിക്കുന്ന അവസരത്തിൽ എല്ലാമന്ത്രിമാരും എഴുന്നേറ്റ് സംസാരിക്കുകയാണ്. അങ്ങനെയാണെങ്കിൽ ഇത് ചർച്ചനടത്തിക്കൂടായിരുന്നോ? സഭ നിർത്തിവച്ച് ചർച്ച നടത്താമായിരിരുന്നു. ഓണക്കാലം വരികയാണ്. ഓണക്കാലത്തുണ്ടായേക്കാവുന്ന ഒരു പ്രശ്നത്തെക്കുറിച്ചുള്ള ആശങ്ക ഞങ്ങൾ പ്രകടിപ്പിക്കുകയാണ്. അത് സദുദ്ദേശപരമായി എടുക്കേണ്ടേ; അനുവദിക്കപ്പെട്ട തുകപോലും കിട്ടുന്നില്ലെന്നതാണ് പരാതി. അതിനൊക്കെ പ്രേരകമാണ് ഈ അടിയന്തരപ്രമേയം എന്നുള്ളതെങ്കിലും അങ്ങ് മനസ്സിലാക്കേണ്ടതായിരുന്നു. അതിനുബദലായി മറ്റ് സംസ്ഥാനങ്ങളുടെ കാര്യങ്ങൾ പരാമർശിച്ചിട്ടെന്തുകാര്യമാണുള്ളത്. ഇവിടെ ഗവൺമെന്റിന്റെ ചില ചെയ്തികളുടെ ഫലമായി ചില ബുദ്ധിമുട്ടുകൾ വന്നിട്ടുണ്ട്. കാരണം സെസ്സ് ഏർപ്പെടുത്തി. ഡീഡൽ-പെട്രോൾ സെസ്സ് ഏർപ്പെടുത്തിയതിന്റെ ഫലമായി വിലക്കയറ്റമുണ്ടാകില്ലേ; പാലിന്റെ വില, വെള്ളക്കരം തുടങ്ങിയവ വർദ്ധിപ്പിച്ചു. കേന്ദ്രസർക്കാർ പാചകവാതകത്തിന് ഒരു കണക്കുമില്ലാതെ വില

കൂട്ടിക്കൊണ്ടിരിക്കുകയാണ്. എല്ലാത്തിന്റേയും ഫലമായി ജനങ്ങളുടെ നിത്യജീവിതം ദുസ്സഹമാകുകയാണ്. കുടുംബ ബജറ്റ് തകർന്നുവരികയാണ്. നിത്യോപയോഗസാധനങ്ങളുടെ വില ഗുരുതരമായി വർദ്ധിക്കുന്ന ഈ ഘട്ടത്തിൽ സഭ നിർത്തിവച്ച് ചർച്ച ചെയ്യേണ്ട കാര്യമല്ലേ.. ഇതിനേക്കാൾ വലിയ കാര്യമെന്താണുള്ളത്; ഇക്കാര്യത്തിൽ ഗവൺമെന്റ് മെനക്കെടാത്തതും മുന്നോട്ടുവരാത്തതുമായ നടപടികളിൽ പ്രതിഷേധിച്ച് ഞാനും എന്റെ പാർട്ടിയിലെ അംഗങ്ങളും ഇറങ്ങിപ്പോകുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. കെ. പി. എ. മജീദും അദ്ദേഹത്തിന്റെ പാർട്ടിയിൽപ്പെട്ട അംഗങ്ങളും സഭ വിട്ട് പുറത്തുപോയി.)

ശ്രീ. മോൻസ് ജോസഫ്: സർ, സംസ്ഥാനത്ത് നിത്യോപയോഗ സാധനങ്ങളുടെ രൂക്ഷമായ വിലക്കയറ്റംമൂലം ജനങ്ങൾ പൊറുതിമുട്ടുമ്പോൾ, വളരെ സത്യസന്ധമായി വസ്തുതാപരമായി ഇക്കാര്യങ്ങൾ വിലയിരുത്തി ഇന്ന് സഭ നിർത്തിവച്ച് ഇക്കാര്യം ചർച്ച ചെയ്യുകയെന്നുള്ളതായിരുന്നു ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. കേരളത്തിലെ ജനങ്ങൾ പ്രയാസപ്പെടുന്ന ഒരു വിഷയം പ്രതിപക്ഷം ചൂണ്ടിക്കാണിച്ചപ്പോൾ അതിനെ രാഷ്ട്രീയമായി നേരിടുകയെന്ന

ജനാധിപത്യവിരുദ്ധമായ നിലപാടാണ് സർക്കാർ സ്വീകരിച്ചത്. ഇത്രയേറെ മന്ത്രിമാർ ഒന്നിച്ച് എഴുന്നേറ്റതിൽ നിന്ന് ഒരു കാര്യം വ്യക്തമാണ്. ഇത് ചർച്ച ചെയ്യേണ്ട വിഷയമായിരുന്നു എന്നത് നിശ്ചയമായിട്ടും പുറത്തുവന്നിരിക്കുകയാണ്. ഇവരെല്ലാവരും മറുപടി പറയാൻ ആഗ്രഹിച്ച് എഴുന്നേൽക്കുകയാണ്. അങ്ങനെയാണെങ്കിൽ സഭ നിർത്തിവച്ചാൽ പോരായിരുന്നോ; സഭ നിർത്തിവച്ച് ചർച്ച ചെയ്യാൻ ഭക്ഷ്യവകുപ്പുമന്ത്രിയും സർക്കാരും തയ്യാറാകുന്നില്ല. ഇത് ജനങ്ങളെ ബാധിക്കുന്ന വിഷയമാണ്. സിവിൽ സപ്ലൈസിന്റെ ഔട്ട്‌ലെറ്റുകളിൽ സാധനങ്ങളില്ല. സബ്സിഡി നിരക്കിൽ കൊടുക്കുന്ന സാധനങ്ങൾ മാവേലി സ്റ്റോറുകളിലില്ല. ഇതെല്ലാം യാഥാർത്ഥ്യമായി നിലനില്ക്കുമ്പോൾ സർക്കാർ അത് വസ്തുതാപരമായി പരിശോധിച്ച് പരിഹരിക്കാൻ തയ്യാറാകുകയെന്നതാണ് ജനങ്ങൾ ആഗ്രഹിക്കുന്നത്. അതിന് തയ്യാറാകാതെ മർക്കടമുഷ്ടിയുമായി നിന്നുകൊണ്ട് വിലക്കയറ്റം എങ്ങനെവേണമെങ്കിലും പോയിക്കോട്ടേയെന്ന നിലപാട് സ്വീകരിക്കുകയും എന്നിട്ട് കേന്ദ്രത്തെ കുറ്റം പറയുകയും ചെയ്യുന്നു. കേരളത്തിലെ സർക്കാർ ചെയ്യേണ്ട ജോലി ചെയ്യുന്നില്ല. അത് ചെയ്തതിനുശേഷം കേന്ദ്രത്തിനുനേരെ തിരിയണം. ഇവിടെ ചെയ്യേണ്ട കാര്യങ്ങൾ ചെയ്യാതെ,

ജനങ്ങളെ സഹായിക്കാതെ ജനങ്ങൾക്ക് ബുദ്ധിമുട്ടുണ്ടാക്കുന്ന ഗുരുതരമായ സാഹചര്യത്തിൽ എത്തിനിൽക്കുന്നു. ഓണക്കാലം വരികയാണ്. വിലക്കയറ്റം രൂക്ഷമാകാൻ പോകുന്നു.. ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിൽ ഇനിയും വിലക്കയറ്റം വർദ്ധിക്കാനിടയാകുന്ന സാഹചര്യത്തിന് ഗവൺമെന്റ് കൂട്ടുനിൽക്കുകയാണ്. ഇത്തരം ജനാധിപത്യവിരുദ്ധമായ, ജനവിരുദ്ധമായ നിലപാടിൽ പ്രതിഷേധിച്ചുകൊണ്ട് വാക്കൗട്ടിൽ പങ്കെടുക്കുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. മോൻസ് ജോസഫ് സഭ വിട്ട് പുറത്തുപോയി.)

ശ്രീ. അനൂപ് ജേക്കബ്: സർ, ഇവിടെ ബഹുമാനപ്പെട്ട ഭക്ഷ്യ-പൊതുവിതരണ വകുപ്പുമന്ത്രി നൽകുന്ന മറുപടിയിൽ, ഓണക്കാലമാകുമ്പോൾ സാധനങ്ങൾ എത്തിച്ചേരുമെന്നാണ് സൂചിപ്പിക്കുന്നത്. പക്ഷെ കഴിഞ്ഞ ഒന്നുരണ്ടു മാസങ്ങളായി സപ്ലൈകോ ഔട്ട്ലെറ്റിന്റെ പ്രശ്നങ്ങൾ അതിരൂക്ഷമാണ്. ഒരിടത്തും സബ്സിഡി സാധനങ്ങളുടെ ലഭ്യതയില്ലെന്നതാണ് വസ്തുത. അത് വലിയ രീതിയിൽ ജനങ്ങൾക്കിടയിൽ ആശങ്കയുണ്ടാക്കുന്നുണ്ട്. വിലക്കയറ്റവും രൂക്ഷമായി നിൽക്കുന്നു. വിലക്കയറ്റം രൂക്ഷമാകുമ്പോൾ സബ്സിഡി സാധനങ്ങൾക്കായി ഔട്ട്ലെറ്റുകളിലെത്തുമ്പോൾ അവിടെ ലഭ്യമല്ലാത്ത

സാഹചര്യമാണ് കാണാൻ കഴിയുന്നത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ ഓണക്കാലത്ത് സാധനങ്ങൾ എത്തിക്കുമെന്നാണ് സൂചിപ്പിക്കുന്നത്. ഓണം കഴിഞ്ഞും വിപണിയിലുണ്ടായിക്കൊണ്ടിരിക്കുന്ന വിലക്കയറ്റം നിയന്ത്രിക്കാൻ ഫലപ്രദമായ ഇടപെടൽ നടത്താൻ സർക്കാരിന് കഴിയുന്നില്ല. ഇവിടെ ഞങ്ങൾ പ്രധാനമായും ചൂണ്ടിക്കാണിച്ചത് സപ്ലൈകോ-യ്ക്ക് കുടിശ്ശികയിനത്തിൽ ലഭിക്കാനുള്ള തുക സർക്കാർ നല്കണമെന്നതാണ്. സബ്സിഡി സാധനങ്ങൾ നല്കുമ്പോൾ അതിനുണ്ടാകുന്ന നഷ്ടം നികത്താനുള്ള ഉത്തരവാദിത്വം സർക്കാരിനാണ്. അത് സർക്കാർ നിർവ്വഹിക്കാതെ പോകുന്നതാണ് പ്രതിസന്ധി വർദ്ധിക്കാനുള്ള കാരണം. സഭയിൽ ഇങ്ങനെയൊരു രീതിയിലേയ്ക്കല്ല ഈ വിഷയം വരേണ്ടിയിരുന്നത്. പ്രതിപക്ഷനേതാവ് പ്രസ്തുതവിഷയത്തെ സംബന്ധിച്ച് സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട മന്ത്രിമാർ അദ്ദേഹത്തിന്റെ പ്രസംഗം തടസ്സപ്പെടുത്താൻ ശ്രമിക്കുകയാണുണ്ടായത്. ജനങ്ങൾ അനുഭവിക്കുന്ന ഏറ്റവും വലിയ ദുരിതമാണ് ഞങ്ങൾ ഇന്നിവിടെ അവതരിപ്പിച്ചത്. അതിനെ പോസിറ്റീവായി കണ്ടുകൊണ്ട് പ്രസ്തുത വിഷയം എങ്ങനെ പരിഹരിക്കാമെന്നുള്ളതിലേയ്ക്കല്ല സർക്കാർ എത്തിയത്, പകരം അതിനെ രാഷ്ട്രീയമായി കാണാനാണ് ബഹുമാനപ്പെട്ട മന്ത്രിമാരും

ഭരണപക്ഷാംഗങ്ങളും ശ്രമിച്ചതെന്നത് നിർഭാഗ്യകരമാണ്. എന്തായാലും വിലക്കയറ്റം അതിരൂക്ഷമാണ്. സപ്ലൈകോ ഔട്ട്ലെറ്റുകളിൽ സാധനങ്ങളില്ലെന്നത് യാഥാർത്ഥ്യമാണ്. അതുകൊണ്ട് അടിയന്തരമായ ഇടപെടലും അതിലുണ്ടായിരിക്കുന്ന നഷ്ടം നികത്താൻ കോർപ്പറേഷന് അടിന്തരമായി തുക അനുവദിക്കാനുമുള്ള നടപടികൾ സർക്കാർ സ്വീകരിക്കണം. ജനങ്ങൾക്ക് ഇതുമായി ബന്ധപ്പെട്ട് ഇന്നുണ്ടായിരിക്കുന്ന ബുദ്ധിമുട്ട് പരിഹരിക്കുന്നതിൽ സർക്കാർ സമ്പൂർണ്ണമായി പരാജയപ്പെട്ടിരിക്കുന്നു. പ്രസ്തുത വിഷയം ചർച്ച ചെയ്യാത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് ചെയ്യുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീ. അനൂപ് ജേക്കബ് സഭ വിട്ട് പുറത്തുപോയി.)

<u>ശ്രീമതി കെ. കെ. രമ</u>: സർ, സാധാരണയിൽ സാധാരണക്കാരായ മനുഷ്യർ ദുരിതത്തിലാണ്. ബഹളമുണ്ടാക്കി വഴിതിരിച്ചുവിട്ടതുകൊണ്ട് ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാൻ സാധിക്കില്ല. വിപണിയിൽ ഇടപെട്ടുകൊണ്ട് സർക്കാർ പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കുകയാണ് ചെയ്യേണ്ടത്. അതോടൊപ്പം കരിച്ചന്തയും പൂഴ്ത്തിവയ്പ്പും നടത്തി വൻകിടക്കാർക്ക് സൗകര്യമുണ്ടാക്കുന്ന തരത്തിലേയ്ക്കുള്ള പ്രവർത്തനങ്ങൾ നടത്തുന്നുണ്ടോയെന്നതിൽ ഗൗരവപൂർവ്വമായ

അന്വേഷണം നടത്തുകയും വിലനിലവാരം പിടിച്ചുനിർത്താനാവശ്യമായ നടപടികളും ഉണ്ടാകണം. ജൈവവളം ഉൾപ്പെടെ ഉപയോഗിച്ച് നിർമ്മിക്കുന്ന പച്ചക്കറികൾ ഹോർട്ടികോർപ്പിൽ നല്കിയതിന്റെ തുക സാധാരണ കർഷകർക്ക് ഇപ്പോഴും ലഭ്യമാകാനുണ്ട്. നെടുമങ്ങാട് മാർക്കറ്റിലൊക്കെ പല കർഷകരും ദുരിതത്തിലാണെന്ന് സൂചിപ്പിക്കുന്ന സാഹചര്യവുമുണ്ട്. ഇത്തരം വിഷയങ്ങളിൽ ഗൗരവപൂർവ്വമായ അന്വേഷണം നടത്തി ടി പ്രശ്നങ്ങൾക്ക് പരിഹാരമുണ്ടാക്കാനുള്ള ഇടപെടലാണ് സർക്കാരിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്. അത്തരത്തിൽ ചർച്ച നടത്താത്തതിൽ പ്രതിഷേധിച്ച് വാക്കൗട്ട് നടത്തുന്നു.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് ശ്രീമതി കെ. കെ. രമ സഭ വിട്ട് പുറത്തുപോയി.

സഭ വിട്ട് പുറത്തുപോയ പ്രതിപക്ഷാംഗങ്ങൾ അൽപ്പസമയത്തിനകം സഭയിൽ തിരികെ ഹാജരായി.)

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ): സർ, ഇന്നത്തെ സഭാരേഖയിലെ കാര്യങ്ങൾ വർഷങ്ങൾ കഴിഞ്ഞ് ആളുകൾ നോക്കുമ്പോൾ നമ്മളിവിടെ എന്താണ് സംസാരിച്ചതെന്ന് മനസ്സിലാകില്ല.

സഭയിൽ ഒരു സ്റ്റേറ്റ്മെന്റ് നടത്തുന്ന സാഹചര്യത്തിൽ, ധനകാര്യ വകുപ്പും സിവിൽ സപ്ലൈസും തമ്മിൽ തർക്കമാണ്, അതുപോലെ കെ.എസ്.ആർ.ടി.സി. ഇങ്ങനെയാണ്, ഇത്തരത്തിൽ സംസാരിക്കുന്ന കാര്യങ്ങൾ രേഖയിൽ ഉൾപ്പെടുന്നുണ്ട്. ഞാനിവിടെ ഒരു കാര്യം മാത്രമേ പറയാൻ ആഗ്രഹിക്കുന്നുള്ളൂ. അടിസ്ഥാനരഹിതമായ കാര്യങ്ങളാണ് ബഹുമാനപ്പെട്ട പ്രതിപക്ഷനേതാവ് ഇവിടെ സൂചിപ്പിച്ചത്. അതെല്ലാം തെറ്റിദ്ധരിപ്പിക്കുന്ന കാര്യങ്ങളാണ്. ഇതിന്റെ വ്യക്തത രേഖയിൽ വന്നില്ലെങ്കിൽ കുഴപ്പമാണ്. ധനകാര്യവകുപ്പുമായി ബന്ധപ്പെട്ട ചർച്ചയിൽ ഇക്കാര്യത്തെ സംബന്ധിച്ച് ഞാൻ വിശദമാക്കാം. ഒരു കാര്യത്തിൽ ആളുകളെയും വകുപ്പുകളെയും മോശപ്പെടുത്തി സംസാരിക്കുമ്പോൾ അതിൽ യാതൊരുതരത്തിലുള്ള പ്രൊട്ടക്ഷനുമില്ല. ഒരു കാര്യം പറഞ്ഞാൽ അതിന്റെ മറുപടി കേൾക്കാനുള്ള ഉത്തരവാദിത്വംകൂടിയുണ്ടാകണം. ഭാവിയിലും ചെയറിന്റെ ഭാഗത്തുനിന്ന് അക്കാര്യത്തിൽ ശ്രദ്ധയുണ്ടാകണം. ഇത്തരം കാര്യങ്ങളിൽ റൂളിംഗ് വരേണ്ടതാണ്, സെക്ഷൻ 288 കൃത്യമായി ഇത് വ്യക്തമാക്കുന്നുണ്ട്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്):സർ,

പ്രസ്തുത വിഷയവുമായി ബന്ധപ്പെട്ട് ഒരു കാര്യം സൂചിപ്പിക്കാനുള്ളത്, സഭാ ചട്ടങ്ങളിൽ ഇത് വളരെ വ്യക്തമാണെന്നതാണ്. ഒരു മന്ത്രിയാകാം, അംഗമാകാം, വഴങ്ങിയാൽ മാത്രമേ ചെയറിന് ഇടപെടാൻ സാധിക്കുകയുള്ളൂവെന്ന പുതിയ കീഴ്‌വഴക്കം കൊണ്ടുവന്നാൽ അത് എല്ലാത്തിനും ബാധകമാക്കേണ്ടിവരും. ഒരു ഘട്ടത്തിലും ക്രമപ്രശ്നം ഉന്നയിക്കാൻ പാടില്ലെന്നത്, ഒരു ക്രമപ്രശ്നം ഉന്നയിക്കുമ്പോൾ ആ ക്രമപ്രശ്നം ക്രമത്തിലാണോയെന്ന് ചെയർ പരിശോധിക്കേണ്ടതാണ്. സംസാരിച്ചുകൊണ്ടിരിക്കുന്നയാളിന്റെ അനുമതി മാത്രമാണ് ഇതിന് ആധാരമെന്ന് പറഞ്ഞാൽ സ്വാഭാവികമായും ചെയറായി പ്രവർത്തിക്കുന്നത് അംഗമായി മാറും. അത് നിയമസഭയെ സംബന്ധിച്ചും ജനാധിപത്യ സംവിധാനത്തെ സംബന്ധിച്ചും വളരെ തെറ്റായ കീഴ്‌വഴക്കം സൃഷ്ടിക്കും. റൂളുകളെ അടിസ്ഥാനപ്പെടുത്തിക്കൊണ്ടുള്ള നിലപാട് ചെയറിൽനിന്ന് പ്രതീക്ഷിക്കുന്നു.

<u>മി. സ്പീക്കർ</u>: നിയമസഭയിൽ ഇക്കാലമത്രയും അടിയന്തരപ്രമേയത്തിൽ പ്രസംഗിക്കുമ്പോൾ പ്രതിപക്ഷ നേതാവോ ബന്ധപ്പെട്ട അംഗങ്ങളോ വഴങ്ങിയില്ലെങ്കിൽ സംസാരിക്കാൻ അനുവാദം കൊടുക്കാറില്ല. ആ ഒരു

പ്രൊസീഡ്യുവർ മാത്രമാണ് പാലിച്ചത്, ഇവിടെ ധനകാര്യവകുപ്പുമന്ത്രി ഉന്നയിച്ച വാദം പരിശോധിക്കാം.